തിരുവനന്തപുരം മേജർ അതിഭദ്രാസന

# ബുള്ളറ്റിൻ

വാല്യം 21 | 2016 സെപ്തംബർ | ലക്കം 9



## ദൈവദാസൻ മാർ ഈവാനിയോസ് നാമകരണ നടപടികൾ : മേജർ അതിഭദ്രാസനതല സമാപനം

റോമിലേക്ക് സമർപ്പിക്കുവാനുള്ള രേഖകൾ അത്യഭിവന്ദ്യ കാതോലിക്കാബാവാതിരുമേനി അഭിവന്ദ്യ തോമസ് മാർ അന്തോണിയോസ് തിരുമേനിയെ ഭരമേൽപ്പിക്കുന്നു

(പട്ടം കത്തീഡ്രൽ, 25 – 08 – 2016)


അഗതികളുടെ അമ്മ
വിശുദ്ധ പദവിയിലേയ്ക്ക്...

## മലങ്കര സുറിയാനി കത്തോലിക്കാസഭ

### തിരുവനന്തപുരം മേജർ അതിഭദ്രാസന

# ബുള്ളറ്റിൻ

വാല്യം 21 2016 സെപ്റ്റംബർ ലക്കം 9

തിരുവനന്തപുരം മേജർ അതിഭദ്രാസന
ബുള്ളറ്റിൻ

ദൈവകൃപയാലും തിരുസിംഹാസനത്തിന്റെ അംഗീകാരത്താലും
മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ
**മേജർ ആർച്ചുബിഷപ്പ്-കാതോലിക്കോസും**
**തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിന്റെ അദ്ധ്യക്ഷനുമായ**
**മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമീസ്**
**കാതോലിക്കാ ബാവായിൽ** നിന്നും
നമ്മുടെ അധികാരത്തിൻകീഴുള്ള മേൽപ്പട്ടക്കാർക്കും കോർ
എപ്പിസ്ക്കോപ്പാമാർക്കും റമ്പാൻമാർക്കും പട്ടക്കാർക്കും
ശെമ്മാശ്ശഗണത്തിനും സന്യസ്തർക്കും വിശ്വാസികളേവർക്കും വാഴ്വ്.

Prot. No. CPL 1/2016

**ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ**
**നാമകരണ നടപടികളുടെ മേജർ അതിഭദ്രാസനതല സമാപനം**

അഭിവന്ദ്യ പിതാക്കന്മാരേ, വന്ദ്യ കോറെപ്പിസ്ക്കോപ്പാമാരേ, റമ്പാൻമാരേ, ബഹു. വൈദികരേ, ശെമ്മാശന്മാരേ, സന്യസ്തരേ, കർത്താവിൽ പ്രിയ വിശ്വാസികളേ!

മലങ്കര പുനരൈക്യ പ്രസ്ഥാനത്തിന്റെ ജനയിതാവും മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ പ്രഥമ മെത്രാപ്പോലീത്തൻ ആർച്ചുബിഷപ്പും തിരുവനന്തപുരം അതിരൂപതയുടെ ഒന്നാമത്തെ ആർച്ചുബിഷപ്പുമായിരുന്ന നമ്മുടെ പുണ്യപിതാവ് ദൈവദാസൻ മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ വിശുദ്ധ പദവിയിലേക്കുള്ള നാമകരണ നടപടികളുടെ ഭാഗമായി നമ്മുടെ മേജർ അതിരൂപതാ തലത്തിലുള്ള നടപടിക്രമങ്ങൾ (Canonical Process) പൂർത്തിയായി എന്ന വാർത്ത സസന്തോഷം സഭയുടെ ഇടയന്മാരും പുരോഹിതരും സമർപ്പിതരും മക്കളുമായ നിങ്ങളെ എല്ലാവരെയും അറിയിക്കുന്നതിൽ എനിക്ക് അതിയായ സന്തോഷമുണ്ട്. ഇത്തരുണത്തിൽ, നമ്മെ എല്ലായ് പ്പോഴും വാത്സല്യത്തോടെ സംരക്ഷിച്ച് വഴിനടത്തുന്ന പരമകാരുണ്യവാനായ ദൈവത്തിന് ഞാൻ ഹൃദയംനിറഞ്ഞ നന്ദി സമർപ്പിക്കുന്നു.

2016 ആഗസ്റ്റ് 25-ാം തീയതി തിരുവനന്തപുരം പട്ടം സെന്റ് മേരീസ് കത്തീഡ്രലിൽ വച്ചു നമ്മുടെ സഭയിലെ അഭിവന്ദ്യ പിതാക്കന്മാരും ബഹു. വൈദികരും സഹകാർമ്മികരായി അർപ്പിക്കുന്ന വി. സമൂഹബലിയോടെയാണ് ശുശ്രൂഷകൾക്ക് തുടക്കം കുറിക്കുന്നത്. കൃതജ്ഞതാ ബലിയർപ്പണത്തിനുശേഷം കത്തീഡ്രലിൽ വച്ചുതന്നെ തുടർനടപടികൾ നടക്കുന്നതാണ്. നാമകരണ നടപടികളുടെ ഭാഗമായി നമ്മുടെ മേജർ അതിഭദ്രാസന തലത്തിലുള്ള സമാപനവുമായി ബന്ധപ്പെട്ട രേഖകൾ സീൽ ചെയ്ത് ഒപ്പുവയ്ക്കുന്നതും അതിനാമുഖമായി നാമകരണ നടപടികളുമായി ബന്ധപ്പെട്ടവരുടെ സത്യപ്രതിജ്ഞ നടക്കുന്നതുമാണ്. രാവിലെ 11.30-ന് ശുശ്രൂഷകളും ചടങ്ങുകളും അവസാനിക്കുന്നതാണ്. കൃതജ്ഞതാ ബലിയർപ്പണത്തിനും തുടർന്നു നടക്കുന്ന കാനോനിക നടപടിക്രമങ്ങളിലും സംബന്ധിച്ച് അനുഗ്രഹം പ്രാപിക്കുന്നതിന് നിങ്ങളെ ഏവരെയും ഹൃദയപൂർവ്വം ക്ഷണിക്കുന്നു.

നമ്മുടെ മേജർ അതിരൂപതാ തലത്തിലുള്ള കാനോനിക നടപടികളുടെ പൂർത്തീകരണത്തിനുശേഷം, സൂക്ഷ്മപഠനാനന്തരം ചുമതലപ്പെട്ടവർ തയ്യാറാക്കിയ 97000 പേജുള്ള ഡോക്യുമെന്റ്സ് വിശുദ്ധ നാമകരണ നടപടികൾക്കായുള്ള തിരുസംഘത്തിൽ (Congregation for the Cause of Canonisation of Saints) ന്യൂഡൽഹിയിലെ അപ്പസ്തോലിക കാര്യാലയം (Apostolic Nunciature) വഴി സമർപ്പിക്കുന്നതും റോമിലെ തിരുസംഘം മാർ ഈവാനിയോസ് തിരുമേനിയുടെ വിശുദ്ധ പദവിക്കായുള്ള നാമകരണ നടപടികൾ തുടരുന്നതുമായിരിക്കും. ഇപ്പോഴുള്ള ദൈവദാസൻ എന്ന പദവിയിൽ നിന്നും ധന്യൻ, വാഴ്ത്തപ്പെട്ടവൻ, വിശുദ്ധൻ എന്നീ ഉയർന്ന പദവികളിലേക്കാണ് നമ്മുടെ പുണ്യപിതാവ് ഇനിയും ഉയർത്തപ്പെടുവാനുള്ളത്. സ്വർഗ്ഗത്തിന്റെ ഇഷ്ടത്തിൽ മാത്രമാണ് ഒരാൾ വിശുദ്ധ പദവിയിലെത്തിച്ചേരുന്നത് എന്നോർക്കുമ്പോൾ ഈ വിഷയത്തിലു ണ്ടാകേണ്ട കൂടുതൽ പ്രാർത്ഥനയെക്കുറിച്ച് നമുക്ക് ഉറച്ച ബോധ്യമുണ്ടാകണം. ആയതിനാൽ ഈ നിയോഗത്തിൽ കൂടുതൽ പ്രാർത്ഥിക്കണമെന്ന് ഏവരെയും ഞാൻ ഹൃദയപൂർവ്വം ഓർമ്മപ്പെടുത്തുന്നു.

നാമകരണ നടപടികൾക്ക് തുടക്കം കുറിച്ച ഭാഗ്യസ്മരണാർഹനായ സിറിൽ ബസേലിയോസ് കാതോലിക്കാബാവാ തിരുമേനിയെ ഇത്തരുണത്തിൽ പ്രത്യേകം കൃതജ്ഞതയോടെ ഓർക്കുന്നു. നമ്മുടെ സഭയുടെയും തിരുവനന്തപുരം മേജർ അതിരൂപതയുടെയും ചുമതല ഞാൻ ഏറ്റെടുത്ത ശേഷം നാമകരണ നടപടികളെക്കുറിച്ച് പരിശുദ്ധ സുന്നഹദോസിൽ പങ്കുവച്ച നിമിഷം മുതൽ ഇന്നുവരെ നമ്മുടെ അഭിവന്ദ്യ പിതാക്കന്മാർ എല്ലാവരും നൽകിവരുന്ന വലിയ പിൻബലത്തിനും പ്രാർത്ഥനയ്ക്കും ഞാൻ പ്രത്യേകം നന്ദി അർപ്പിക്കുന്നു.

നാമകരണ നടപടികളുടെ ഔദ്യോഗിക അപേക്ഷകരായ (Petitioners) തിരുവനന്തപുരം മേജർ അതിരൂപതയേയും ബഥനി ആശ്രമത്തേയും ബഥനി മഠത്തേയും മേരീമക്കൾ മഠത്തേയും കൃതജ്ഞതാപൂർവ്വം സ്മരിക്കുകയും നൽകിയ സഹായങ്ങൾക്ക് പ്രത്യേകം നന്ദി അർപ്പിക്കുകയും ചെയ്യുന്നു. നാമകരണ നടപടികളുടെ പോസ്റ്റുലേറ്ററായി സേവനം അനുഷ്ഠിച്ച അഭിവന്ദ്യ ഡോ. തോമസ് മാർ അന്തോണിയോസ് മെത്രാപ്പോലീത്തായ്ക്കും വൈസ് പോസ്റ്റുലേറ്റർ റവ. ഡോ. സിസ്റ്റർ സാന്ദ്ര എസ്.ഐ.സി. യ്ക്കും ഹൃദയംനിറഞ്ഞ നന്ദി സഭയുടെ നാമത്തിൽ ഞാൻ അർപ്പിക്കുന്നു. ചരിത്ര കമ്മീഷന്റെ അദ്ധ്യക്ഷൻ റവ. ഡോ. ജെയിംസ് പുതുപറമ്പിൽ ഒ.ഐ.സി., അംഗങ്ങളായി പ്രവർത്തിച്ച റവ. ഡോ. ചെറിയാൻ വാരിക്കാട്ട് അച്ചൻ, റവ. ഫാ. പ്രഭീഷ് ജോർജ്ജ്, റവ. ഫാ. ജോസഫ് പൂവത്തുംതറയിൽ എന്നിവർക്കും, എപ്പിസ്കോപ്പൽ ഡെലഗേറ്റ് റവ. ഡോ. മൈക്കിൾ വട്ടപ്പലം, പ്രൊമോട്ടർ ഓഫ് ജസ്റ്റീസ് റവ. ഡോ. സാജു അഗസ്റ്റിൻ കൂട്ടോടി പുത്തൻപുരയിൽ സി.എസ്.ടി, നോട്ടറി റവ. സിസ്റ്റർ ജോസ് മേരി എസ്.എച്ച്, അഡ്ജന്റ് നോട്ടറി പ്രൊഫ. പുഷ്പ അഗസ്റ്റിൻ എന്നിവരോടുള്ള പ്രത്യേക നന്ദി അറിയിക്കട്ടെ. അനേകം ബഹു. വൈദികരും സിസ്റ്റേഴ്സും വൈദിക വിദ്യാർത്ഥികളും അത്മായ പ്രേഷിതരും യുവജനങ്ങളും ആത്മാർത്ഥമായി ഓരോ ഘട്ടത്തിലും നാമകരണ നടപടികളിൽ സഹായിച്ചിട്ടുള്ളത് കൃതജ്ഞതയോടെ സ്മരിക്കുന്നു.

ആയത് ദൈവമാതാവായ പരിശുദ്ധ കന്യകാമറിയത്തിന്റെയും, അപ്പസ്തോല സമൂഹത്തിന്റെയും, വിശിഷ്യാ നമ്മുടെ പിതാവായ മാർത്തോമ്മാശ്ലീഹായുടെയും, സകലവിശുദ്ധരുടെയും പ്രാർത്ഥനകളാൽ തന്നെ, ആമ്മീൻ.

എന്ന്,

കർത്താവിൽ നിങ്ങളുടെ വിനീത ശുശ്രൂഷി,

+Baselios Cleemis

06.08.2016
കാതോലിക്കേറ്റ് സെന്റർ
പട്ടം, തിരുവനന്തപുരം.

✠ **ബസേലിയോസ് കർദ്ദിനാൾ ക്ലീമീസ്**
മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ
മേജർ ആർച്ചുബിഷപ്പ്-കാതോലിക്കാ ബാവാ.

---

## ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ നാമകരണ നടപടികളുടെ മേജർ അതിരൂപതാ നാൾവഴികൾ

1. ജൂലൈ 15, 1997 - നാമകരണ നടപടികൾ ആരംഭിക്കാനുള്ള അപേക്ഷ ബഥനി സന്യാസ സമൂഹത്തിന്റെ സുപ്പീരിയർ ജനറലായിരുന്ന വെരി. റവ. ഫാ. ജെറോം പീടികപറമ്പിൽ ഓ.ഐ.സി., ബഥനി സന്യാസിനീ സമൂഹത്തിന്റെ സുപ്പീരിയർ ജനറൽ മദർ ഫിലോമിന എസ്.ഐ.സി., മേരിമക്കൾ സന്യാസിനീ സമൂഹത്തിന്റെ മദർ ജനറൽ മദർ ഫെലിക്സ് ഡി.എം. ഉം ചേർന്ന് തിരുവനന്തപുരം അതിഭദ്രാസനാദ്ധ്യക്ഷൻ മെത്രാപ്പോലീത്തൻ ആർച്ചുബിഷപ്പ് അഭിവന്ദ്യ സിറിൽ മാർ ബസേലിയോസ് തിരുമേനിക്ക് സമർപ്പിച്ചു.
2. ഫെബ്രുവരി 25, 1998- റവ. ഡോ. ആന്റണി വലിയവിളയിൽ ഓ.ഐ.സി.യെ നാമകണ നടപടികളുടെ പോസ്റ്റുലേറ്ററായി തിരുവനന്തപുരം അതിഭദ്രാസനാദ്ധ്യക്ഷൻ മെത്രാപ്പോലീത്തൻ ആർച്ചുബിഷപ്പ് അഭിവന്ദ്യ സിറിൽ മാർ ബസേലിയോസ് തിരുമേനി നിയമിച്ചു.
3. ജൂലൈ 15, 2005: നാമകരണ നടപടികൾ ഔദ്യോഗികമായി ആരംഭിക്കുവാനുള്ള അപേക്ഷ പോസ്റ്റുലേറ്റർ, മേജർ ആർച്ചുബിഷപ്പ് മോറാൻ മോർ സിറിൽ ബസേലിയോസ് കാതോലിക്കാബാവായ്ക്ക് സമർപ്പിച്ചു.
4. ജനുവരി 18, 2007 - ഭാഗ്യസ്മരണാർഹനായ സിറിർ ബസേലിയോസ് കാതോലിക്കാബാവാ കാലം ചെയ്തു.
5. മാർച്ച് 5, 2007 - മോറാൻ മോർ ബസേലിയോസ് ക്ലീമീസ് കാതോലിക്കാബാവാ മലങ്കര സുറിയാനി കത്തോലിക്കാസഭയുടെയും തിരുവനന്തപുരം മേജർ അതിഭദ്രസനത്തിന്റെയും അദ്ധ്യക്ഷനായി സ്ഥാനമേറ്റു. തുടർന്ന്, മോറാൻ മോർ ബസേലിയോസ് ക്ലീമീസ് കാതോലിക്കാബാവാ നാമകരണ നടപടികൾ തുടരുന്നതിന് പോസ്റ്റുലേറ്ററോട് ആവശ്യപ്പെടുകയും, വിഷയം മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ പരിശുദ്ധ എപ്പിസ്കോപ്പൽ സുന്നഹദോസിൽ അവതരിപ്പിക്കുകയും ചെയ്തു.

6. ജൂലൈ 14 - 2007 - നാമകരണ നടപടികളുടെ ആദ്യഘട്ടമെന്ന നിലയിൽ പരിശുദ്ധ സുന്നഹദോസിന്റെ ആലോചനയിൽ മോറാൻ മോർ ബസേലിയോസ് ക്ലീമീസ് കാതോലിക്കാബാവാ മാർ ഈവാനിയോസ് തിരുമേനിയെ ദൈവദാസനായി പ്രഖ്യാപിച്ചു.
7. നവ. 11, 2009 - റോമിലെ വിശുദ്ധരുടെ നാമകരണത്തിനായുള്ള അപ്പസ്തോലിക തിരുസംഘത്തിലേക്ക് നാമകരണ നടപടികളുടെ തുർന്നുള്ള നടത്തിപ്പിൽ നയ്യാമിക തടസ്സങ്ങളില്ല (Nihil Obstat) എന്നുള്ള രേഖ ലഭിക്കുകന്നതിനായി കാതോലിക്കാബാവാ അപേക്ഷ സമർപ്പിക്കുകയും അത് ലഭിക്കുകയും ചെയ്തു.
8. ഡിസം. 15, 2009 - നാമകരണ നടപടികൾക്കാവശ്യമായ ചരിത്ര കമ്മീഷൻ മോറാൻ മോർ ബസേലിയോസ് ക്ലീമീസ് കാതോലിക്കാബാവാ സ്ഥാപിച്ചു. ഇതിന്റെ ചെയർമാനായി റവ. ഡോ. ജെയിംസ് പുതുപറമ്പിൽ ഓ.ഐ.സി.യും റവ. ഡോ. ചെറിയാൻ വാരിക്കാട്ട്, റവ. ഫാ. പ്രഭീഷ് ജോർജ്ജ് എന്നിവരെയും നിയമിച്ചു. തുടർന്ന് റവ. ഫാ. പ്രഭീഷ് ജോർജ്ജിന്റെ സ്ഥാനത്ത് റവ. ഫാ. ജോസഫ് പൂവത്തുംതറയിൽ നിയമിതനായി.
9. ഏപ്രിൽ 14, 2011 - തിരുവനന്തപുരം മേജർ അതിഭദ്രാസനം നാമകരണ നടപടികളുടെ പെറ്റീഷണറാകുന്നതിനുള്ള അപേക്ഷ മോറാൻ മോർ ബസേലിയോസ് ക്ലീമീസ് കാതോലിക്കാബാവാ പരിശുദ്ധ സിംഹാസനത്തിന് സമർപ്പിച്ചു.
10. ജൂൺ 14, 2011 - നാമകരണ നടപടികളുടെ വൈസ് പോസ്റ്റുലേറ്ററായി റവ. സിസ്റ്റർ ഡോ.സാന്ദ്ര എസ്.ഐ.സി.യെ മോറാൻ മോർ ബസേലിയോസ് ക്ലീമീസ് കാതോലിക്കാബാവാ നിയമിച്ചു.
11. ജൂൺ 14, 2011 - നാമകരണ നടപടികൾക്കാവശ്യമായ ദൈവശാസ്ത്ര കമ്മീഷനെ മോറാൻ മോർ ബസേലിയോസ് ക്ലീമീസ് കാതോലിക്കാബാവാ നിയമിച്ചു.
12. ജൂൺ 14, 2011 - കാതോലിക്കാബാവാ തിരുമേനി നാമകരണ നടപടികളുടെ ഭാഗമായി രൂപതാതലത്തിലുള്ള അന്വേഷണ കമ്മീഷൻ സ്ഥാപിച്ചു. റവ. ഡോ. മൈക്കിൾ വട്ടപ്പലം എപ്പിസ്കോപ്പൽ ഡെലഗേറ്റായും റവ. ഫാ. സാജു അഗസ്റ്റിൻ സി.എസ്.ടി. നീതിന്യായ നടത്തിപ്പുകാരനായും നിയമിതരായി. റവ. സി. ജോസ് മേരി എസ്.എച്ച്. നോട്ടറിയായും പ്രോഫ. പുഷ്പ അഗസ്റ്റിൻ വൈസ് നോട്ടറിയായും നിയമിതരായി.
13. ആഗസ്റ്റ് 18, 2011- റോമിലെ പരിശുദ്ധ സിംഹാസനം തിരുവനന്തപുരം മേജർ അതിഭദ്രാസനത്തെ ദൈവദാസൻ മാർ ഈവാനിയോസ് തിരുമേനിയുടെ നാമകരണ നടപടികളുടെ പെറ്റീഷണറായി അംഗീകരിച്ചു.
14. ജൂൺ 23, 2014 - മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമീസ് കാതോലിക്കാബാവായുടെ അദ്ധ്യക്ഷതയിൽ ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ കബർ തുറന്ന് ഭൗതീകാവശിഷ്ടങ്ങൾ കാനോനികമായി പരിശോധിക്കുകയും ഔദ്യോഗികമായി സ്ഥിരീകരിക്കുകയും ചെയ്തു.
15. ആഗസ്റ്റ് 25, 2016 - നാമകരണ നടപടികളുടെ മേജർ അതിഭദ്രാസന തലത്തിലുള്ള സമാപനം സെന്റ് മേരീസ് കത്തീഡ്രലിൽ മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമീസ് കാതോലിക്കാബാവായുടെ പ്രധാന കാർമ്മികത്വത്തിൽ നടത്തുന്നു.

---

N.B: ഈ കല്പന അടുത്തു വരുന്ന ഞായറാഴ്ച വി. കുർബാന മദ്ധ്യേ നമ്മുടെ എല്ലാ പള്ളികളിലും, മിഷൻ കേന്ദ്രങ്ങളിലും ആരാധനാകേന്ദ്രങ്ങളിലും വായിക്കേണ്ടതാണ്.

# ദൈവദാസൻ മാർ ഈവാനിയോസ് തിരുമേനിയുടെ നാമകരണനടപടികൾ: മേജർ അതിഭദ്രാസനതല സമാപനം

ദൈവദാസൻ മാർ ഈവാനിയോസ് തിരുമേനിയുടെ നാമകരണ നടപടികളുടെ മേജർ അതിഭദ്രാസനതല സമാപനം 2016 ആഗസ്റ്റ് 25-ന് പട്ടം സെന്റ് മേരീസ് കത്തീഡ്രലിൽ നടന്നു. രാവിലെ 8.00-ന് മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ തലവനും പിതാവും തിരുവനന്തപുരം മേജർ അതിഭദ്രാസനാദ്ധ്യക്ഷനുമായ മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമിസ് കാതോലിക്കാബാവാ തിരുമേനിയുടെ മുഖ്യകാർമ്മികത്വത്തിൽ അർപ്പിക്കപ്പെട്ട വി. കുർബാനയോടുകൂടിയാണ് ചടങ്ങുകൾ ആരംഭിച്ചത്. പരി. സുന്നഹദോസ് സെക്രട്ടറിയും തിരുവല്ലാ അതിഭദ്രാസനാദ്ധ്യക്ഷനുമായ അഭിവന്ദ്യ ആർച്ചുബിഷപ്പ് തോമസ് മാർ കൂറിലോസ് തിരുമേനി വി. കുർബാനമദ്ധ്യേ വചനസന്ദേശം നൽകി. മാവേലിക്കര ഭദ്രാസനാദ്ധ്യക്ഷൻ അഭിവന്ദ്യ ജോഷ്വാ മാർ ഇഗ്നാത്തിയോസ് തിരുമേനി, ബത്തേരി ഭദ്രാസനാദ്ധ്യക്ഷൻ അഭിവന്ദ്യ ജോസഫ് മാർ തോമസ് തിരുമേനി, ഗുഡ്ഗാവ് ഭദ്രാസനാദ്ധ്യക്ഷൻ അഭിവന്ദ്യ ജേക്കബ് മാർ ബർണ്ണബാസ് തിരുമേനി, നാമകരണനടപടികളുടെ പോസ്റ്റുലേറ്ററും കട്കി എക്സാർക്കേറ്റ് അദ്ധ്യക്ഷനുമായ അഭിവന്ദ്യ തോമസ് മാർ അന്തോണിയോസ് തിരുമേനി, തിരുവനന്തപുരം മേജർ അതിഭദ്രാസന സഹായമെത്രാൻ അഭിവന്ദ്യ സാമുവൽ മാർ ഐറേനിയോസ് തിരുമേനി, തിരുവല്ലാ അതിഭദ്രാസന സഹായമെത്രാൻ അഭിവന്ദ്യ ഫിലിപ്പോസ് മാർ സ്തേഫാനോസ് തിരുമേനി, വിവിധ ഭദ്രാസനങ്ങളിലെ വികാരി ജനറൽമാർ, കോറെപ്പിസ്കോപ്പാമാർ, ബഥനി സന്ന്യാസസമൂഹത്തിന്റെ പ്രൊവിൻഷ്യൽ സുപ്പീരിയേഴ്സ്, വിവിധ ഭദ്രാസനങ്ങളിലെ നിരവധി വൈദികർ എന്നിവർ സഹകാർമ്മികരായിരുന്നു. വി. കുർബാനയെ തുടർന്ന് നാമകരണനടപടികളുടെ മേജർ അതിഭദ്രാസനല സമാപനം കുറിച്ചുകൊണ്ടുള്ള ഔദ്യോഗിക നടപടികൾ ആരംഭിച്ചു. പ്രസ്തുത നടപടിക്രമങ്ങളുടെ അദ്ധ്യക്ഷനായി

സഭയുടെ തലവനും പിതാവും തിരുവനന്തപുരം മേജർ അതി ഭദ്രാസനാദ്ധ്യക്ഷനുമായ മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമിസ് കാതോലിക്കാബാവാ തിരുമേനിയെ പോസ്റ്റു ലേറ്റർ അഭിവന്ദ്യ തോമസ് മാർ അന്തോണിയോസ് തിരുമേനി ഔദ്യോഗികമായി ക്ഷണിച്ചു. തുടർന്ന് അത്യഭിവന്ദ്യ കാതോലി ക്കാബാവാ തിരുമേനിയുടെ പ്രധാന കാർമ്മികത്വത്തിൽ പ്രാർത്ഥനാ ശുശ്രൂഷകൾ നടന്നു. പ്രാർത്ഥനാശുശ്രൂഷയുടെ ഭാഗമായുള്ള മദ്ധ്യസ്ഥപ്രാർത്ഥനയ്ക്ക് യഥാക്രമം നാമകരണനടപടികളുടെ അപേക്ഷകരായ തിരുവനന്തപുരം മേജർ അതിഭദ്രാസനത്തെയും മേജർ അതിഭദ്രാസനാദ്ധ്യക്ഷനായ അത്യഭിവന്ദ്യ കാതോലിക്കാ ബാവാ തിരുമേനിയെയും പ്രതിനിധീകരിച്ച് മേജർ അതിഭദ്രാസന സഹായമെത്രാൻ അഭിവന്ദ്യ സാമുവൽ മാർ ഐറേനിയോസ് തിരുമേനി, ബഥനി സന്ന്യാസസമൂഹത്തെ പ്രതിനിധീകരിച്ച് റവ. ഡോ. വർഗീസ് തൈക്കൂട്ടത്തിൽ ഒ.ഐ.സി., മേരീമക്കൾ സന്ന്യാ സിനിസമൂഹത്തെ പ്രതിനിധീകരിച്ച് റവ. മദർ ജൈൽസ് മേരി ഡി.എം., ബഥനി സന്ന്യാസിനിസമൂഹത്തെ പ്രതിനിധീകരിച്ച് റവ. സി. ആർദ്ര എസ്.ഐ.സി., ദൈവദാസൻ മാർ ഈവാനി യോസ് തിരുമേനിയുടെ കുടുംബാംഗമായ ശ്രീമതി റീന ശങ്കര ത്തിൽ എന്നിവർ നേതൃത്വം നൽകി. പ്രാരംഭപ്രാർത്ഥനകൾക്ക് ശേഷം മേജർ അതിഭദ്രാസന അന്വേഷണ കമ്മീഷന്റെ നോട്ടറി റവ. സി. ജോസ് മേരി എസ്. എച്ച്., ദൈവദാസൻ മാർ ഈവാനി യോസ് തിരുമേനിയുടെ ജീവിതവും വിരോചിതമായ പുണ്യപ്ര വൃത്തികളെയും സംബന്ധിച്ച മേജർ അതിഭദ്രാസനതല അന്വേ ഷണത്തിന്റെ മൂലരേഖകൾ (Archetype - original document), മൂല രേഖയുടെ ശരിപകർപ്പ് (Transcript), നാമകരണ നടപടികളുടെ തുടർ ആവശ്യത്തിനായുള്ള പകർപ്പുകൾ (Public copy) എന്നിവ സമർപ്പിച്ചു. തുടർന്ന് ഈ അന്വേഷണ കമ്മീഷന്റെ എപ്പിസ്കോ പ്പൽ ഡെലിഗേറ്റ് റവ. ഡോ. മൈക്കിൾ വട്ടപ്പാലം സമർപ്പിക്കപ്പെട്ട രേഖകളുടെ ആധികാരികതയും സമഗ്രതയും സംബന്ധിച്ച സ്ഥിരീ കരണം നടത്തി. തുടർന്ന് മേജർ അതിഭദ്രാസന അന്വേഷണ കമ്മീഷന്റെ പ്രൊമോട്ടർ ഓഫ് ജസ്റ്റിസ് റവ. ഡോ. സാജു അഗസ്റ്റിൻ കുത്തോടിപുത്തൻപുരയിൽ സി.എസ്.റ്റി., സമർപ്പിക്കപ്പെട്ട രേഖകളെ സംബന്ധിച്ച് പൂർണ്ണമായ നിരീക്ഷണം പൂർത്തിയായ

താണെന്നും പ്രസ്തുത രേഖകളെ സംബന്ധിച്ച് യാതൊരു തട സ്സവും നിലനിൽക്കുന്നതല്ലെന്നും അറിയിച്ചു.

അതേത്തുടർന്ന് മേജർ അതിഭദ്രാസനാദ്ധ്യക്ഷൻ, എപ്പിസ് കോപ്പൽ ഡെലിഗേറ്റ്, പ്രൊമോട്ടർ ഓഫ് ജസ്റ്റിസ്, നോട്ടറി, അഡ്ജന്റ് നോട്ടറി, പോസ്റ്റുലേറ്റർ, വൈസ് പോസ്റ്റുലേറ്റർ, കോപ്പി യസ്റ്റ് എന്നിവർ തങ്ങളെ ഭരമേൽപ്പിച്ച ദൗത്യം വിശ്വസ്തതാപൂർവം നിറവേറ്റി എന്ന് വി. ബൈബിൾ സാക്ഷിയാക്കി സത്യപ്രതിജ്ഞ ചെയ്തു. ഈ നടപടികൾ പൂർത്തിയായതിന് ശേഷം തിരുവന ന്തപുരം മേജർ അതിഭദ്രാസനാദ്ധ്യക്ഷനായ അഭിവന്ദ്യ കാതോ ലിക്കാബാവാ തിരുമേനിയുടെ പ്രത്യേക കല്പന പ്രകാരം ദൈവ ദാസൻ മാർ ഈവാനിയോസ് തിരുമേനിയുടെ നാമകരണ നടപടികളെ സംബന്ധിച്ച മേജർ അതിഭദ്രാസന അന്വേഷണ ത്തിന്റെ മൂലരേഖ (ആർക്കിടൈപ്പ്) തിരുവനന്തപുരം മേജർ അതി ഭദ്രാസനത്തിന്റെ ആർക്കൈവ്യ്സിൽ സൂക്ഷിക്കുവാനായി മേജർ അതിഭദ്രാസന ചാൻസിലർ റൈറ്റ് റവ. മോൺ. ഡോ. ജോൺ കൊച്ചുതുണ്ടിലിനെ ഭരമേല്പിച്ചു. ഈ രേഖകളുടെ ശരിപകർപ്പും (ട്രാൻസ്ക്രിപ്റ്റ്), നാമകരണ നടപടികളുടെ തുടർ ആവശ്യത്തി നായുള്ള പകർപ്പുകളും (പബ്ലിക് കോപ്പി) എന്നിവ റോമിലെ നാമ കരണ നടപടികൾക്കായുള്ള തിരുസംഘത്തിന് എത്തിക്കണമെന്ന് അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനി കല്പന നൽകി. ഈ ദൗത്യം നിർവ്വഹിക്കുവാനായി പ്രസ്തുത രേഖകളുടെ ഔദ്യോഗിക വാഹകനായി (കാരിയർ) അഭിവന്ദ്യ തോമസ് മാർ അന്തോണിയോസ് തിരുമേനിയെ അത്യഭിവന്ദ്യ കാതോലിക്കാ ബാവാ തിരുമേനി നിയമിച്ചു. അഭിവന്ദ്യ തോമസ് മാർ അന്തോ ണിയോസ് തിരുമേനി സത്യപ്രതിജ്ഞ ചെയ്ത് ദൗത്യം ഏറ്റെടുത്തു. തുടർന്ന് മേജർ അതിഭദ്രാസനാദ്ധ്യക്ഷൻ മേൽപറഞ്ഞ രേഖകൾ പെട്ടികളിലാക്കി സീൽ ചെയ്ത് റോമിലെ നാമകരണനടപടി കൾക്കായുള്ള തിരുസംഘത്തിന്റെ കാര്യാലയത്തിൽ നൽകുവാ നായി ക്രമീകരിക്കുവാൻ കല്പന നൽകി. തുടർന്ന് ഇതുവരെ നടന്ന എല്ലാ നടപടിക്രമങ്ങളും പൂർണ്ണമായും നിയമാനുസൃത മാണോ എന്നത് സ്ഥിരീകരിക്കുവാനായി പ്രൊമോട്ടർ ഓഫ് ജസ്റ്റിസ് റവ. ഡോ. സാജു അഗസ്റ്റിൻ സി.എസ്.റ്റി. യോട് ആവശ്യ പ്പെട്ടു. പ്രൊമോട്ടർ ഓഫ് ജസ്റ്റിസ് നടപടിക്രമങ്ങളുടെ നിയമാനു

സ്യതമായ സ്ഥിരീകരണം നൽകിയപ്പോൾ അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനി ദൈവദാസൻ മാർ ഈവാനിയോസ് തിരുമേനിയുടെ നാമകരണനടപടികളുടെ മേജർ അതിഭദ്രാസനതല സമാപനത്തെ സംബന്ധിച്ച നടപടിക്രമങ്ങൾ പൂർത്തിയായതായി പ്രഖ്യാപിച്ചു. അതേത്തുടർന്ന് നാമകരണനടപടികളുടെ വൈസ് പോസ്റ്റുലേറ്റർ റവ. സി. സാന്ദ്ര എസ്.ഐ.സി. സമാപനചടങ്ങുകളുടെ മിനിറ്റ്സ് അവതരിപ്പിച്ചു. തുടർന്ന് നോട്ടറി റവ. സി. ജോസ് മേരി എസ്.എച്ച്. മിനിറ്റ്സിന്റെ ഓരോ കോപ്പി ആർക്കിടൈപ്പ്, ട്രാൻസ്ക്രിപ്റ്റ്, പബ്ലിക് കോപ്പി എന്നിവ അടങ്ങിയ മൂന്ന് വിവിധങ്ങളായ പെട്ടികളിൽ നിക്ഷേപിച്ചു. അതേത്തുടർന്ന് എപ്പിസ്കോപ്പൽ ഡെലിഗേറ്റ്, പ്രൊമോട്ടർ ഓഫ് ജസ്റ്റിസ്, നോട്ടറി, അഡ്ജന്റ് നോട്ടറി എന്നിവർ ഒപ്പിട്ട് രേഖകൾ സീൽ ചെയ്തു. ഇതോടുകൂടി നടപടിക്രമങ്ങൾ ഔദ്യോഗികമായി അവസാനിച്ചു.

നടപടിക്രമങ്ങളുടെ സമാപനത്തിൽ നാമകരണ നടപടികളുടെ പോസ്റ്റുലേറ്റർ തോമസ് മാർ അന്തോണിയോസ് തിരുമേനി 1997 ജൂലൈ 15 മുതൽ ആരംഭിച്ച നാമകരണ നടപടികളുടെ നാൾവഴി ഹ്രസ്വമായി അവതരിപ്പിച്ചു. തുടർന്ന് സഭയുടെ തലവനും പിതാവും തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിന്റെ അദ്ധ്യക്ഷനുമായ മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമിസ് കാതോലിക്കാബാവാ തിരുമേനി വിശ്വാസസമൂഹത്തെ അഭിസംബോധന ചെയ്തുകൊണ്ട് സംസാരിക്കുകയും നാമകരണ നടപടികൾക്കായ് സഹകരിച്ച ഏവരോടുമുള്ള സഭയുടെ പേരിലുള്ള കൃതജ്ഞത അറിയിക്കുകയും ചെയ്തു. ഇതേത്തുടർന്ന് കബറിങ്കൽ ധൂപപ്രാർത്ഥനയും നേർച്ചവിളമ്പും നടന്നു.

18 വർഷമായി നടന്ന ആദ്യഘട്ട നടപടികളിൽ ഏകദേശം 500-ഓളം പേരാണ് രേഖകൾ കണ്ടെത്തുന്നതിനും പകർത്തിയെഴുതുന്നതിനും ഭാഷാന്തരം ചെയ്യുന്നതിനും ഉണ്ടായിരുന്നത്. ചരിത്ര കമ്മീഷൻ, ദൈവശാസ്ത്ര കമ്മീഷൻ, മേജർ അതിഭദ്രാസന അന്വേഷണ കമ്മീഷൻ എന്നീ സമിതികളുടെ മേൽനോട്ടത്തിലാണ് പ്രസ്തുത ദൗത്യം നടന്നത്. 140 വലിയ പെട്ടികളാൽ സീൽ ചെയ്ത 96,921 പേജുകൾ വരുന്ന മൂലരേഖയാണ് (Original Document) ആണ് ഉള്ളത്.

## ദൈവദാസൻ ആർച്ചുബിഷപ്പ് മാർ ഈവാനിയോസ് തിരുമേനിയുടെ നാമകരണ നടപടികളുടെ മേജർ അതിഭദ്രാസനതല സമാപനം: അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനി നടത്തിയ കൃതജ്ഞതാർപ്പണം.

2016 ആഗസ്റ്റ് 25! മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ ചരിത്രത്തിൽ, മാർത്തോമ്മാ ക്രിസ്ത്യാനികളുടെ അവിഭക്തമായ പുത്തൻകൂർ സമുദായത്തിന്റെ ചരിത്രത്തിൽ ഇദംപ്രഥമമായ ഒരു പുണ്യകർമ്മം - കത്തോലിക്കാ തിരുസഭയിൽ മലങ്കരയുടെ ഒരു മകന്റെ/സഭാമേലദ്ധ്യക്ഷന്റെ വിശുദ്ധ പദവിയോടനുബന്ധമായ അതിരൂപതാതല നാമകരണ നടപടി കൾക്ക് സമാപനം കുറിക്കുന്ന പുണ്യകർമ്മം! ഭാഗ്യസ്മരണാർഹനും നമ്മുടെ പുണ്യപിതാവുമായ ദൈവദാസൻ ആർച്ചു ബിഷപ്പ് മാർ ഈവാനിയോസ് മെത്രാപ്പാലീത്തായുടെ വിശുദ്ധ ജീവിതത്തെക്കുറിച്ച് ചരിത്രപരമായും കാനോനികമായും ആത്മായമായുമുള്ള അന്വേഷണത്തിന്റെയും പഠനത്തിന്റെയും വിലയിരുത്തലിന്റെയും സമ്യക്കായ ലിഖിതരൂപം റോമിലെ വിശുദ്ധരുടെ നാമകരണ നടപടികൾക്കായുള്ള തിരുസംഘത്തിന്റെ അധിപന് നാമകരണ പ്രവർത്തനങ്ങളുടെ മേൽനടപടികൾക്കായി മലങ്കര സുറിയാനി കത്തോലിക്കാ സഭ സന്തോഷപൂർവ്വം സമർപ്പിക്കുന്നതിന് ഇതാ ഇന്നിവിടെ സജ്ജീകരണം നടത്തിയിരി ക്കുന്നു!

1882-ൽ മാവേലിക്കര പണിക്കരുവീട്ടിലെ കൊച്ചു കീവറീച്ചനിൽ തുടങ്ങി പണിക്കർ ശെമ്മാശൻ, എം.എ. അച്ചൻ, സെറാമ്പൂർ സർവ്വകലാശാലാ അദ്ധ്യാപകൻ, പെരുനാട് മുണ്ടൻമലയിലെ ബഥനി ആശ്രമസ്ഥാപകൻ, ബഥനി മിശിഹാനുകരണ സന്യാസിനീ സമൂഹത്തിന്റെ സ്ഥാപകൻ, മേരിമക്കൾ സന്യാസിനീ സമൂഹത്തിന്റെ പ്രചോദകനും ശ്ലൈഹീകാശീർ വാദകനും, മലങ്കരയിലെ പുനരൈക്യ പ്രസ്ഥാനത്തിന്റെ ജനയിതാവും പ്രചാരകനും, മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ പ്രഥമ മേലദ്ധ്യക്ഷൻ, തിരുവനന്തപുരം അതിഭദ്രാസനത്തിന്റെ പ്രഥമ മെത്രാപ്പോലീത്തൻ

ആർച്ചുബിഷപ്പ്, 1953-ൽ സ്വർഗ്ഗപ്രാപ്തി നേടി ദൈവപിതാവിന്റെ സന്നിധിയിൽ നമുക്കേവർക്കുംവേണ്ടി പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്ന നമ്മുടെ പുണ്യപിതാവ് ദൈവദാസൻ ആർച്ചുബിഷപ്പ് മാർ ഈവാനിയോസ് എന്ന സൂര്യതേജസ്സിനെ, മലങ്കരയുടെ മോശയായി, പൗലോസ് അപ്പസ്തോലന്റെ പ്രേഷിതചൈതന്യത്തികവിൽ, വിവരിക്കാനാവാത്ത കരുണയിൽ, നമുക്ക് നൽകിയ പരമകാരുണ്യവാനായ ദൈവം തമ്പുരാന് ഹൃദയം നിറഞ്ഞ സ്തുതി-സ്തോത്രങ്ങൾ സമർപ്പിക്കുന്നു.

പുണ്യപിതാവിനെ ക്രിസ്തീയതയിൽ വളർത്തിയ, അതിന് സഹായിച്ച സകലരേയും വിശിഷ്യാ പിതാവിന്റെ വന്ദ്യ മാതാപിതാക്കൾ, സഹോദരങ്ങൾ, കുടുംബാംഗങ്ങൾ, മലങ്കര ഓർത്ത ഡോക്സ് സുറിയാനി സഭയിലെ ദിവംഗതരായ പിതാക്കന്മാർ, വിശിഷ്യാ പരിശുദ്ധ വട്ടശ്ശേരിൽ മാർ ദിവന്നാസിയോസ് തിരുമേനി, മലങ്കര ഓർത്തഡോക്സ് സഭാസമൂഹം, വൈദിക പരിശീലനത്തിലെ ഗുരുക്കൻമാർ, സതീർത്ഥ്യർ, മുണ്ടൻമലയിലെ ബഥനി ആശ്രമാംഗങ്ങൾ, ബഥനിയുടെയും മലങ്കര പുനരൈക്യ പ്രസ്ഥാനത്തിന്റെയും രൂപഭാവങ്ങൾ നിർണ്ണയിക്കുന്നതിന് നിഴൽപോലെ എക്കാലവും തന്നെ അനുഗമിച്ച ഭാഗ്യസ്മരണാർഹനായ യാക്കോബ് മാർ തെയോഫിലോസ് തിരുമേനി, പുനരൈക്യസംഭവത്തിൽ കൂടെ നിന്ന ധീരരായ ബഹു. ഫാ. ജോൺ കുഴിനാപ്പുറത്ത് ഓ.ഐ.സി., ബഹു. ശെമ്മാശൻ സെറാഫിയോൻ ഓ.ഐ.സി., ശ്രീ ചാക്കോ കിളീലേത്ത് തുടങ്ങി അസംഖ്യം മലങ്കരസഭാ മക്കൾ, പുനരൈക്യപ്പെട്ട ധിഷണാശാലികളായ വൈദികർ, പുനരൈക്യത്തിന് വേദിയൊരുക്കിയ കൊല്ലം രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ അലോഷ്യസ് മരിയ ബെൻസിഗർ തിരുമേനിയും കൊല്ലം രൂപതയും, പുണ്യപിതാവിനെയും പുനരൈക്യപ്രസ്ഥാനത്തെയും ഹൃദയത്തിലേറ്റിയ റോമിലെ തിരുസിംഹാസനവും പരിശുദ്ധ പതിനൊന്നാം പീയുസ് മാർപ്പാപ്പായും പന്ത്രണ്ടാം പീയുസ് മാർപ്പാപ്പയും പുണ്യ പിതാവിനെ പ്രോൽസാഹിപ്പിക്കുകയും അകമഴിഞ്ഞ സഹായിക്കുകയും ചെയ്ത സീറോ-മലബാർ സഭയേയും ലത്തീൻ കത്തോലിക്കാസഭ

യേയും പ്രത്യേകം കൃതജ്ഞതയോടെ ഓർക്കുന്നു. തിരുവിതാംകൂറിലെ രാജകുടുംബത്തിലും അതുപോലെ തിരുവിതാംകൂറിലെ ദളിത് കുടുംബങ്ങളിലും പ്രവേശിക്കുവാൻ സ്വാതന്ത്ര്യവും സുകൃതവുമുണ്ടായിരുന്ന നമ്മുടെ പുണ്യപിതാവ് സ്നേഹിച്ച സകലരോടും പിതാവിനെ സ്നേഹിച്ച സകലരോടും നമുക്ക് കടപ്പാടുണ്ട്. അത് സവിനയം അറിയിക്കട്ടെ!

നമ്മുടെ പുണ്യപിതാവിന്റെ ജീവിത വിശുദ്ധിയെ തൊട്ടറിഞ്ഞ പിൻഗാമി ഭാഗ്യസ്മരണാർഹനായ ബനഡിക്ട് മാർ ഗ്രിഗോറിയോസ് തിരുമേനി, മാർ ഈവാനിയോസ് എന്ന പുണ്യാത്മാവിനെ അഭിമാനത്തോടെ നെഞ്ചിലേറ്റിയ പുണ്യശ്ലോകനായ സിറിൽ ബസേലിയോസ് കാതോലിക്കാബാവാ തിരുമേനി, മലങ്കര സുറിയാനി കത്തോലിക്കാ സഭയിലെ ദിവംഗതരായ പിതാക്കന്മാർ, പുണ്യ പിതാവിന്റെ കബറിനുള്ളിലെ മദ്ധ്യസ്ഥനെ വികാരവായ് പോടെ അന്നും ഇന്നും കരുതുന്ന നമ്മുടെ ബഹു. വൈദികർ, വന്ദ്യപിതാവ് സ്ഥാപിച്ച സന്യാസമൂഹങ്ങളിലെ നിറവുള്ള സമർപ്പിതർ, തീഷ്ണതയുള്ള നമ്മുടെ സഭാമക്കൾ, പെരുനാട്ടിൽ നിന്നും വിവിധ ഇടങ്ങളിൽനിന്നും പ്രാർത്ഥനയോടെ പദയാത്രികരായി കബറിലെത്തി സംതൃപ്തിയടയുന്ന അനേകായിരം തീർത്ഥാടകർ, തീർത്ഥാടന പദയാത്രക്ക് തുടക്കംകുറിച്ചവർ, ദിവസേന കബറിലെത്തി പ്രാർത്ഥിക്കുന്ന അനേകം ഭക്താത്മാക്കൾ, ലോകത്തിന്റെ പലഭാഗത്തിരുന്ന് പുണ്യപിതാവിന്റെ മാദ്ധ്യസ്ഥം തേടുകയും വിശുദ്ധപദവിക്കായി പ്രാർത്ഥിക്കുകയും ചെയ്യുന്ന സഭയുടെ വത്സലമക്കൾ, നമ്മുടെ വിശ്വാസകുടുംബത്തിന്റെ അതിർത്തിക്കപ്പുറത്തു നിന്നും കബറിലെ കരവലയസ്പർശത്തിലെത്തുന്ന അനേകം ദൈവമക്കൾ, ഈ കത്തീഡ്രൽ ദൈവാലയത്തിലെ കാലാകാലങ്ങളിലെ ബഹു. വികാരിമാർ, ഇപ്പോഴത്തെ വികാരി വന്ദ്യ ജെയിംസ് പാറവിള കോർഎപ്പിസ്കോപ്പാ, സഹവികാരിമാർ, ഈ ഇടവകയുടെ അനുഗ്രഹീതരായ മക്കൾ! മലങ്കരയുടെ പരിശുദ്ധനും പുണ്യപിതാവുമായ മാർ ഈവാനിയോസ് എന്ന ദൈവദാസന്റെ കബറിന് ചിരപരിചിതരായവർ എത്രയോ അധികം!!!

നമ്മുടെ പുണ്യപിതാവ് വിശുദ്ധജീവിതത്തിന്റെ ഉടമയാണ്, അനുകരണീയമായ ജീവിതമാണ് വന്ദ്യപിതാവിന്റേതെന്ന് ബോദ്ധ്യപ്പെട്ട് കബറിങ്കൽ മാദ്ധ്യസ്ഥം തേടിയെത്തുന്നവരുടെ സംഖ്യ അനുദിനം വർദ്ധിച്ചുവന്നുവെന്ന യാഥാർത്ഥ്യമാണ് 1997-ൽ മാർ ഈവാനിയോസ് പിതാവിന്റെ നാമകരണനടപടികളുടെ പ്രാരംഭക്രമങ്ങൾ തുടങ്ങുവാൻ തിരുവനന്തപുരം അതിരൂപതാ ദ്ധ്യക്ഷൻ എന്ന കാനോനിക ഔദ്യോഗികതയിൽ അന്നത്തെ മലങ്കര സുറിയാനി കത്തോലിക്കാ സഭാദ്ധ്യക്ഷൻ ദിവംഗതനായ സിറിൽ മാർ ബസേലിയോസ് മെത്രാപ്പോലീത്തായെ പ്രേരി പ്പിച്ചത്. തദനുസരണം കാനോനിക നടപടികളുടെ പ്രാരംഭമായി, 1997 ജൂലൈ 15-ന് ബഥനി സന്യാസസമൂഹത്തിന്റെ സുപ്പീരിയർ ജനറൽ ബഹു. ഫാ. ജെറോം പീടികപ്പറമ്പിൽ ഓ.ഐ.സി., ബഥനി മഠത്തിന്റെ സുപ്പീരിയർ ജനറൽ ബഹു. മദർ ഫിലോമിന എസ്.ഐ.സി., മേരിമക്കൾ സന്യാസിനി സമൂഹത്തിന്റെ സുപ്പീരിയർ ജനറൽ ബഹു. മദർ ഫെലിക്സ് ഡി.എം. എന്നിവർ അപേക്ഷ കരായി (petitioners) അപേക്ഷ തിരുവനന്തപുരം അതിരൂപതാ ദ്ധ്യക്ഷൻ ദിവംഗതനായ സിറിൽ മാർ ബസേലിയോസ് മെത്രാ പ്പോലീത്തായ്ക്ക് സമർപ്പിച്ചു. വന്ദ്യപിതാവ് അത് ഔദ്യോഗികമായി സ്വീകരിച്ചു. മാർ ഈവാനിയോസ് പിതാവിന്റെ നാമകരണ നടപടികളുടെ ഭാഗമായി പ്രാരംഭ അപേക്ഷ petitioners-ൽ നിന്ന് സ്വീകരിച്ച് നടപടിക്രമങ്ങൾക്ക് അതിരൂപതാ തലത്തിൽ തുടക്കം കുറിച്ച് അതിന് ശ്ലൈഹീക അനുവാദവും അനുഗ്രഹവും നൽകിയ ദിവംഗതനായ സിറിൽ ബസേലിയോസ് എന്ന നമ്മുടെ സഭയുടെ പ്രഥമ മേജർ ആർച്ചു ബിഷപ്പ്- കാതോലിക്കാബാവാ തിരുമനസ്സിനെ കൃതജ്ഞതയോടെ, പ്രാർത്ഥനയോടെ ഓർക്കുന്നു. പ്രാരംഭ അപേക്ഷകരായ ഫാദർ ജെറോം പീടികപ്പറമ്പിൽ ഓ.ഐ.സി., മദർ ഫിലോമിന എസ്.ഐ.സി., മദർ ഫെലിക്സ് ഡി.എം. എന്നിവരെ ഏറ്റം ബഹുമാനത്തോടെ ഓർക്കുന്നു.

1998 ഫെബ്രുവരി 25-ന് നാമകരണ നടപടികളുടെ പോസ്റ്റു ലേറ്ററായി നിയമിതനായ റവ. ഡോ. ആന്റണി വലിയവിളയിൽ ഓ.ഐ.സി, ഇപ്പോൾ നമ്മുടെ അഭിവന്ദ്യനായ തോമസ് മാർ

അന്തോണിയോസ് തിരുമേനിയുടെ ആത്മാർത്ഥമായ സമർപ്പണം, ത്യാഗപൂർണ്ണമായ പ്രാർത്ഥന, ഉപവാസം, തുടർച്ചയായി മൂന്നു വർഷം പെരുനാട്ടിൽ നിന്ന് കബറിലേക്കുള്ള പദയാത്ര എന്നിവ എനിക്ക് നേരിട്ട് ബോധ്യപ്പെട്ടതാണ്. 18 വർഷമായി തുടർന്നുവന്ന ത്യാഗപൂർണ്ണമായ ഈ ശുശ്രൂഷയ്ക്ക് ഇന്ന് മേജർ അതിഭദ്രാസന തലത്തിൽ സമാപനമാകുമ്പോൾ ഈ നടപടിക്രമ ങ്ങളുടെ പോസ്റ്റുലേറ്റർ എന്ന നിലയിൽ വന്ദ്യ പിതാവിന്റെ സേവനവും ഇവിടെ അവസാനിക്കുകയാണ്. നമ്മുടെ സഭയുടെ നാമത്തിൽ, അഭിവന്ദ്യ തോമസ് മാർ അന്തോണിയോസ് മെത്രാപ്പോലീത്തായ്ക്ക് ആത്മാർത്ഥമായ കൃതജ്ഞത അർപ്പി ക്കുന്നു.

വിശുദ്ധ നാമകരണ നടപടികൾക്കായുള്ള തിരുസംഘം Nihil Obstat നൽകുകയും നാമകരണ നടപടികൾ തുടരുവാൻ അനുവദിക്കുകയും ചെയ്ത പ്രസ്തുത തിരുസംഘാദ്ധ്യക്ഷൻ അത്യുന്നത കർദ്ദിനാൾ ആഞ്ചലോ അമാത്തോ തിരുമേനിയോടും തിരുസംഘത്തോടും നമുക്കുള്ള ഹൃദയംഗമായ കൃതജ്ഞത അർപ്പിക്കുന്നു.

2007-ൽ നമ്മുടെ സഭയുടെ പരിശുദ്ധ സുന്നഹദോസിൽ മാർ ഈവാനിയോസ് തിരുമേനിയുടെ നാമകരണനടപടികൾ സംബന്ധിച്ച വിഷയം ഞാൻ അവതരിപ്പിച്ച ആ നിമിഷം മുതൽ ലഭിച്ച നമ്മുടെ വന്ദ്യപിതാക്കന്മാരുടെ ഹൃദയം നിറഞ്ഞ പിൻബലം ഞാൻ ഏറെ വിലമതിക്കുന്നു. ഒരേ മനസ്സോടെ നമ്മുടെ വന്ദ്യരായ പിതാക്കന്മാർ എല്ലാ ഭദ്രാസനങ്ങളിലും നമ്മുടെ പുണ്യപിതാവിനോടുള്ള ബന്ധം വർദ്ധിപ്പിക്കുന്നതിന് സവിശേഷമായി പ്രവർത്തിക്കുന്നു. നമ്മുടെ സഭയെ സംബന്ധിച്ച് ഏറെ പ്രാധാന്യമുള്ള ഈ വിഷയത്തിൽ വളരെ ആഴമേറിയ ബോദ്ധ്യത്തിലും സ്നേഹത്തിലും കൂടെ നിൽക്കുന്ന നമ്മുടെ അഭിവന്ദ്യ പിതാക്കന്മാരോടുള്ള ഹൃദയംനിറഞ്ഞ നന്ദി ഞാൻ അർപ്പിക്കുന്നു. ഇന്നത്തെ ഈ ചരിത്രമുഹൂർത്തത്തിലും ദിവ്യശുശ്രൂഷയിലും വന്ന് സംബന്ധിക്കുന്ന വന്ദ്യപിതാക്കന്മാരേയും പ്രത്യേകിച്ച് അർത്ഥവത്തായ ദൈവവചന പ്രഘോഷണം നിർവ്വഹിച്ച്

അഭിവന്ദ്യ ആർച്ചുബിഷപ്പ് തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്തായെയും പ്രത്യേകം നന്ദിയോടെ ഓർക്കുന്നു.

നാമകരണ നടപടികളുടെ അപേക്ഷകരായി (canonical petitioners) ആയി 1997 മുതൽ ബഥനി ആശ്രമവും ബഥനി മഠവും മേരി മക്കൾ മഠവും 2011 മുതൽ തിരുവനന്തപുരം മേജർ അതിഭദ്രാസനവും നൽകിവരുന്ന ഉത്തരവാദിത്വപൂർണ്ണമായ ശുശ്രൂഷയ്ക്ക് പ്രത്യേകം നന്ദി അർപ്പിക്കുന്നു. മേജർ അതിഭദ്രാസനത്തിൽ നിന്നും അതാതു കാലത്തെ സുപ്പീരിയർ ജനറൽമാരിൽ നിന്നും ഔദാര്യത്തോടെ ലഭിച്ചുകൊണ്ടിരിക്കുന്ന പ്രോത്സാഹനങ്ങൾക്ക് ഏറെ നന്ദി.

2011 ജൂൺ 14-ന് നാമകരണ നടപടികളുടെ ഭാഗമായി അതിഭദ്രാസന തലത്തിലുള്ള അന്വേഷണകമ്മീഷൻ നിയമിതമായി. പാലാ രൂപതാംഗം റവ. ഡോക്ടർ മൈക്കിൾ വട്ടപ്പലം അച്ചൻ എപ്പിസ്കോപ്പൽ ഡെലഗേറ്റായി നിർവ്വഹിച്ച ശ്രേഷ്ഠമായ ശുശ്രൂഷയും ഉത്തരവാദിത്വവും വിലമതിക്കാനാവാത്തതാണ്. സി.എസ്.ടി. സന്യാസ സമൂഹാംഗമായ റവ. ഡോ. സാജു അഗസ്റ്റിൻ കുത്തോടിപുത്തൻപുരയിൽ സി.എസ്.ടി. നീതിന്യായ നടത്തിപ്പുകാരനായി (Promoter of Justice) നൽകിയ അതുല്യമായ സേവനവും നിർദ്ദേശങ്ങളും ഏറെ അനുഗ്രഹ കരമായി. തിരുഹൃദയ സന്യാസിനി സമൂഹാംഗം റവ. സിസ്റ്റർ ജോസ് മേരി എസ്. എച്ച്. നോട്ടറി എന്ന നിലയിൽ, ശാരീരികമായ ബുദ്ധിമുട്ടു കൾക്കിടയിലും, സന്തോഷപൂർവ്വം നൽകിയ സന്യാസോചിതമായ ത്യാഗങ്ങൾക്കും ഉത്തരവാദിത്ത ബോധത്തിനും നാം ഏറെ കടപ്പെട്ടിരിക്കുന്നു. നമ്മുടെ ഈ കത്തീഡ്രൽ ഇടവകാംഗം നമുക്ക് ഏറെ അഭിമാനമായിരിക്കുന്ന പ്രൊഫ. പുഷ്പ അഗസ്റ്റിൻ, വൈസ് നോട്ടറി എന്ന തലത്തിൽ കഴിഞ്ഞ 5 വർഷമായി നടത്തുന്ന ഏറെ ശ്രമകരമായ ശുശ്രൂഷ, കുടുംബശുശ്രൂഷയായിരുന്നു. ശ്രീ ജേക്കബ് വി.ജെ.യും പ്രൊഫ. പുഷ്പയും കുടുംബമായി നൽകിയ സഭാസേവനത്തെ ഏറെ സന്തോഷത്തോടെ ഓർക്കുന്നു. പ്രിയ ബഹു. മൈക്കിളച്ചനും ബഹു. സാജു അച്ചനും സിസ്റ്റർ റോസ്

മേരിയും സീറോ-മലബാർ സഭാംഗങ്ങളാണ്. മാർ ഈവാനിയോസ് പിതാവിന്റെ പുനരൈക്യ നാളുകളിൽ നിങ്ങളുടെ അനുഗ്രഹിക്കപ്പെട്ട സീറോ-മലബാർ സഭ നൽകിയ സ്നേഹത്തിന്റെയും പിൻബലത്തിന്റെയും കരം നിങ്ങളിലൂടെ, സ്വർഗ്ഗപ്രാപ്തി നേടിയ മാർ ഈവാനിയോസ് എന്ന ദൈവദാസന്റെ വിശുദ്ധിയെ വിശകലന വിധേയമാക്കി, പഠിച്ച് തിരുസിംഹാസനത്തിൽ എത്തിക്കുന്നതിന് ഇടയായിരിക്കുന്നു. നിങ്ങളോടും നിങ്ങളുടെ അനുഗ്രഹിക്കപ്പെട്ട സഭയോടും മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ ഹൃദയംഗമായ നന്ദി അർപ്പിക്കുന്നു.

2009 ഡിസം. 15-ൽ നാമകരണ നടപടികൾക്കാവശ്യമായ ചരിത്ര കമ്മീഷൻ (Historical Commission) സ്ഥാപിതമായി. വളരെ ഭാരിച്ച ഉത്തരവാദിത്വമാണ് ഈ കമ്മീഷൻ നിർവ്വഹിച്ചത്. 2009 മുതൽ 2016 വരെയുള്ള ഈ കാലയളവിൽ നമ്മുടെ പുണ്യ പിതാവിനെ സംബന്ധിക്കുന്ന ചരിത്രപരമായ എല്ലാ അന്വേഷണങ്ങളും വിലയിരുത്തലുകളും നടത്തിയതും വിദേശത്തും സ്വദേശത്തുമുള്ള വിലയേറിയ രേഖകൾ ശേഖരിച്ച തുൾപ്പെടെയുള്ള ഉത്തരവാദിത്വപൂർണ്ണമായ ശുശ്രൂഷകൾക്ക് ബഥനി ആശ്രമാംഗമായ ബഹു. ഫാ. ജെയിംസ് പുതുപ്പറമ്പിൽ ഓ.ഐ.സി. ചെയർമാൻ എന്ന നിലയിലും കോതമംഗലം രൂപതാംഗം ബഹു. ഫാ. ചെറിയാൻ വാരിക്കാട്ട്, തിരുവനന്തപുരം മേജർ അതിരൂപതാംഗങ്ങളായ ബഹു. ഫാ. പ്രഭീഷ് ജോർജ്ജ്, ബഹു. ഫാ. ജോസഫ് പൂവത്തുംതറയിൽ എന്നിവർ കമ്മീഷനംഗ ങ്ങളായും നൽകിയ വിലപ്പെട്ട സേവനങ്ങളെ ഏറ്റം നന്ദിയോടെ സ്മരിക്കുന്നു. നിങ്ങളുടെ വലിയ ത്യാഗത്തിന് സ്വർഗ്ഗം കലവറയില്ലാത്ത പ്രതിഫലം നിങ്ങൾക്ക് നൽകി അനുഗ്രഹിക്കു മാറാകട്ടെ!

2011 മുതൽ നാമകരണ നടപടികളുടെ വൈസ് പോസ്റ്റുലേറ്ററായി നിയമിതയായ റവ. സി. ഡോ. സാന്ദ്ര എസ്. ഐ.സി. യുടെ അതുല്യമായ സമർപ്പണത്തെ ആത്മാർത്ഥമായി ഓർക്കുന്നു. റോമിലെ വിശുദ്ധരുടെ നാമകരണ നടപടികൾ ക്കായുള്ള തിരുസംഘത്തിലെ ഒരു വർഷം നീണ്ടുനിൽക്കുന്ന പ്രത്യേക

പരിശീലനം നേടിയതു മുതൽ ഈ കാലയളവിൽ നിരവധി പ്രവർത്തനങ്ങൾക്ക് അനിതരസാധാരണമായ ആത്മസമർപ്പണം സിസ്റ്റർ സാന്ദ്ര നൽകിയിട്ടുള്ളത് ഈ സമാപനദിനത്തിലേക്ക് നമ്മെ വേഗത്തിൽ എത്തിക്കുന്നതിന് ഏറെ സഹായിച്ചിട്ടുണ്ട്! നമ്മുടെ സഭയുടെ നാമത്തിലുള്ള ആത്മാർത്ഥമായ കൃതജ്ഞത സി. സാന്ദ്ര എസ്.ഐ.സി.യെ ഞാൻ അറിയിക്കട്ടെ!

നാമകരണ നടപടികളുടെ ഭാഗമായവരും മാർ ഈവാനിയോസ് പിതാവിനാൽ സ്വന്തമാക്കപ്പെട്ടവരുമായ അനേകർ നമ്മുടെ നന്ദി അർഹിക്കുന്നവരാണ്. നമ്മുടെ വിവിധ ഭദ്രാസനങ്ങളിലെ ബഹു. വൈദികർ, വൈദികവിദ്യാർത്ഥികൾ, അത്മായ പ്രേഷിതർ, വിവിധ സന്യാസസമൂഹങ്ങളിലെ സമർപ്പിതർ, അർത്ഥികൾ, മറ്റു കത്തോലിക്കാ സന്യാസ സമൂഹാംഗങ്ങൾ, ഇതര സഭാംഗങ്ങൾ, ഇതര സമുദായാംഗങ്ങൾ തുടങ്ങി അനേകർ... ഭാഷാന്തരം ചെയ്തും ഭാഷാ പരിശോധന നടത്തിയും ഭാഷാന്തരം ചെയ്ത മൂലകൃതിയുമായി വീണ്ടും ഒത്തുനോക്കിയും കോപ്പിയെടുത്തും മുദ്രവച്ചും പേജുകൾക്ക് നമ്പരിട്ടും തുടങ്ങി അനേക മാസങ്ങളിലെ കഠിനാധ്വാനം വിസ്മരിക്കാനാവില്ല. ഏവരുടെയും പേരുകൾ ഇവിടെ കുറിക്കുക ക്ലേശകരമായതിനാലും നാമകരണ നടപടി ക്രമത്തിൽ ഏർപ്പെട്ട എല്ലാവരെയും വിളിച്ചുകൂട്ടിയുള്ള ഒരു കൃതജ്ഞതാദിനം ഒക്ടോബർ മാസത്തിൽ നടക്കുന്നതിനാലും അവരെ ഏവരെയും ഹൃദയത്തിൽ സൂക്ഷിക്കുന്നു; മനസുനിറഞ്ഞ സന്തോഷത്തോടെ നന്ദി സമർപ്പിക്കുന്നു!

ദൈവശാസ്ത്ര കമ്മീഷനംഗങ്ങളായി സേവനം അർപ്പിച്ചവർ രണ്ടുപേരാണ്. ഔദ്യോഗികമായും പരസ്യമായും അവരുടെ പേരുകൾ വെളിപ്പെടുത്താനാവാത്തതിനാൽ അവർ രണ്ടുപേർക്കും ഹൃദയംനിറഞ്ഞ നന്ദി ഞാൻ സഭയുടെ നാമത്തിൽ അറിയിക്കുന്നു.

ബഥനി ആശ്രമം സുപ്പീരിയർ ജനറൽ ബഹു. ജോർജ്ജ് തോമസ് കല്ലുങ്കൽ ഓ.ഐ.സി. അച്ചന്റെ നിർദ്ദേശപ്രകാരം പോസ്റ്റുലേറ്ററെ സഹായിക്കുന്നതിൽ വ്യക്തിപരമായും പിന്നീട് ബഥനി ആശ്രമത്തിന്റെ സുപ്പീരിയർ ജനറൽ എന്ന നിലയിലും

ബഹു. ജോസ് മരിയദാസ് ഓ.ഐ.സി. അച്ചൻ നൽകിയ ആത്മാർത്ഥമായ സഹകരണത്തിനും സേവനത്തിനും പ്രത്യേകം ഞാൻ നന്ദി പറയുന്നു.

നിരവധി നിരവധി സുമനസ്സുകളുടെ ഹൃദയപൂർവ്വമായ സേവനം നമുക്ക് ഈ ശുശ്രൂഷയ്ക്ക് ലഭ്യമായിട്ടുണ്ട്. നമ്മുടെ ഔദ്യോഗികമായ ശുശ്രൂഷാസമിതിയിൽ Assistant to the Copyist ആയി സേവനം ചെയ്യുന്ന മാർത്താണ്ഡം രൂപതാംഗമായ വൈദിക വിദ്യാർത്ഥി ബ്രദർ ആന്റോ ജബിനും പ്രത്യേകം നന്ദി പറയുന്നു.

നമ്മുടെ സഭാകാര്യാലയത്തിലെ പഴമക്കാരും ഇപ്പോഴുള്ള വരുമായ ബഥനി സന്യാസിനികളെയും മേരിമക്കൾ സന്യാസിനികളെയും കാര്യാലയത്തിന്റെ അതാത് കാലത്തെ ഫിനാൻസ് ഓഫീസേഴ്സ് ആയ ബഹു. തോമസ് പാറയ്ക്കൽ അച്ചനും ഇപ്പോഴത്തെ ബഹു. വർഗ്ഗീസ് അങ്ങാടിയിൽ അച്ചനും ഹൃദയ ഭാഷയിൽ നന്ദി പറയുന്നു. തിരുനന്തപുരം മേജർ അതിഭദ്രാസന ആർക്കൈവ്സിൽ വിലപ്പെട്ട സേവനം നൽകിയ ബഹു. സിസ്റ്റേഴ്സിനും ബഹു. വൈദികർക്കും വിശിഷ്യാ ചാൻസിലർ ആയിരുന്ന ബഹു. കോശി ചിറക്കരോട്ട് അച്ചനും ഇപ്പോഴത്തെ ചാൻസിലറും ഇന്നത്തെ ചടങ്ങുകളുടെ എം.സി.യുമായ വന്ദ്യ മോൺ. ജോൺ കൊച്ചുതുണ്ടിലച്ചനും പ്രത്യേകമായ നന്ദി അർപ്പിക്കട്ടെ! ഇന്ന് ഒരു പ്രവർത്തിദിവസമായിരുന്നിട്ടും അവധിയെടുത്തും ദീർഘദൂരം യാത്രചെയ്തും ഇന്നത്തെ ശുശ്രൂഷയിൽ സംബന്ധിച്ച നമ്മുടെ എല്ലാ ഭദ്രാസനങ്ങളിൽ നിന്നുമുള്ള ബഹു. വൈദികരോടും ബഹു. സിസ്റ്റേഴ്സിനോടും സഭാമക്കളോടും എനിക്കുള്ള സ്നേഹവും നന്ദിയും അർപ്പിച്ചുകൊള്ളട്ടെ!

നമ്മുടെ പുണ്യപിതാവിന്റെ ചിത്രം വി. പത്രോസിന്റെ ബസിലിക്കായുടെ മട്ടുപ്പാവിൽ നേരിട്ട് കാണുന്നതിനും ത്രോണോസിൽ നമ്മുടെ പുണ്യപിതാവ് ബഹുമാനിക്കപ്പെടുന്നതിനുമായി സഭ മുഴുവനും തീഷ്ണതയോടെ പ്രാർത്ഥിക്കുന്ന തീവ്രമായ ആത്മീയ ശുശ്രൂഷിലേക്ക് നമുക്ക് പ്രവേശിക്കാം. സ്വർഗ്ഗം അതിനുള്ള നൽവരങ്ങൾ നമുക്കേവർക്കും നൽകട്ടെ! നിങ്ങളെ ഏവരെയും ദൈവം സമൃദ്ധമായി അനുഗ്രഹിക്കട്ടെ!

# 86-ാം പുനരൈക്യ വാർഷികവും സഭാസംഗമവും

ആഗോള സഭാചരിത്രത്തിൽ തങ്കലിപികളാൽ എഴുതപ്പെട്ട ചരിത്രപ്രസിദ്ധമായ മലങ്കര പുനരൈക്യത്തിന്റെ 86-ാമത് വാർഷികവും മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ സഭാ സംഗമവും കർണ്ണാടക സംസ്ഥാനത്തിൽ മലങ്കര സുറിയാനി കത്തോലിക്കാ സഭാ മിഷൻ സ്ഥാപിതമായതിന്റെ സുവർണ്ണ ജൂബിലി ആഘോഷവും സംയുക്തമായി 2016 സെപ്തംബർ 17, 18 തീയതികളിൽ പുത്തൂർ അതിഭദ്രാസനത്തിന്റെ ആതിഥേയത്വത്തിൽ നൂജിബാൽത്തില പ്രോ കത്തീഡ്രൽ അങ്കണത്തിൽ നടക്കും.

2016 സെപ്തംബർ 17-ന് രാവിലെ 10.90-ന് എം.സി.വൈ.എം. അന്തർദേശീയ ക്വിസ് മത്സരം നടക്കും. ഉച്ചയ്ക്ക് 2.00-ന് പുനരൈക്യ പ്രേഷിത വിളംബരറാലി കടമ്പ സെന്റ് പോൾസ് ദൈവാലയ അങ്കണത്തിൽ നിന്ന് ആരംഭിക്കും. 2.30-ന് ദീപശിലാ പ്രയാണം നടക്കും. വൈകിട്ട് 4.30-ന് നൂജിബാൽത്തിലയിലെ പ്രധാന വേദിയിൽ കുടുംബസംഗമം അത്യഭിവന്ദ്യ കാതോലിക്കാ ബാവാ തിരുമേനിയുടെ അധ്യക്ഷതയിൽ നടക്കും. ഡോ. അലക്സാണ്ടർ ജേക്കബ് ഐ.പി.എസ്. (റിട്ട.) മുഖ്യപ്രഭാഷണം നടത്തും. 6.30-ന് സുവിശേഷസന്ധ്യ നടക്കും.

2016 സെപ്റ്റംബർ 18-ന് രാവിലെ 8.00-ന് അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനിയുടെ മുഖ്യകാർമ്മികത്വത്തിൽ വി. കുർബാന അർപ്പിക്കപ്പെടും. സഭയിലെ അഭിവന്ദ്യരായ മെത്രാപ്പോലീത്താമാരും വൈദികരും സഹകാർമ്മികരായിരിക്കും. രാവിലെ 11.00-ന് ആരംഭിക്കുന്ന പൊതുസമ്മേളനത്തിന് പുത്തൂർ ഭദ്രാസനാദ്ധ്യക്ഷൻ അഭിവന്ദ്യ ഗീവർഗീസ് മാർ ദിവന്നാസിയോസ് തിരുമേനി സ്വാഗതം ആശംസിക്കും. അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനിയുടെ അധ്യക്ഷതയിൽ നടക്കുന്ന പ്രസ്തുത പൊതുസമ്മേളനം ബഹു. കർണ്ണാടക സംസ്ഥാന വനംപരിസ്ഥിതി മന്ത്രി ശ്രീ. റമനാഥ റൈ ഉദ്ഘാടനം ചെയ്യും. മംഗലാപുരം രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ അലോഷ്യസ് പോൾ ഡിസൂസ തിരുമേനി, ബൽത്തങ്ങാടി രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ മാർ ലോറൻസ് മുക്കുഴി തിരുമേനി എന്നിവർ അനുഗ്രഹപ്രഭാഷണങ്ങൾ നടത്തും.

# മലങ്കര സോഷ്യൽ സർവ്വീസ് സൊസൈറ്റിക്ക് ഐക്യരാഷ്ട്രസഭയുടെ അംഗീകാരം

തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിന്റെ സാമൂഹിക ക്ഷേമ വിഭാഗമായ മലങ്കര സോഷ്യൽ സർവ്വീസ് സൊസൈറ്റിക്ക് (എം.എസ്സ്.എസ്സ്.എസ്സ്.) ന് ഐക്യരാഷ്ട്രസഭയുടെ അംഗീകാരം ലഭിച്ചു. ഐക്യരാഷ്ട്രസഭയുടെ സാമൂഹിക-സാമ്പത്തിക കൗൺസിലിൽ പ്രത്യേക ഉപദേശകസമിതിയാണ് എം.എസ്സ്. എസ്സ്.എസ്സ്. ന് ലഭിച്ചത്. ഇതിനോടനുബന്ധിച്ച് പട്ടം തിരുസന്നിധി അരമനയിലെ കോൺഫറൻസ് ഹോളിൽ നടന്ന ചടങ്ങ് ബഹു. കേരള നിയമസഭാ സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണൻ ഉദ്ഘാടനം ചെയ്തു. സേവനത്തിന്റെ സംസ്കാരം ലോകം മുഴുവൻ നൽകിയത് ക്രൈസ്തവ സമൂഹം എന്ന് സ്പീക്കർ പി. ശ്രീരാമകൃഷ്ണൻ പറഞ്ഞു. എ.ഡി. 52 മുതൽ മലങ്കരയിൽ ആരംഭിച്ച ഈ ശുശ്രൂഷ 20 നൂറ്റാണ്ടുകൾ പിന്നിടുമ്പോഴും അതേ പാരമ്പര്യം നിലനിർത്തി മലങ്കര സുറിയാനി കത്തോലിക്കാ സഭ ഇന്നും തുടരുന്നു. അതിന് ആഗോളതലത്തിൽ ലഭിച്ച അംഗീകാരമാണ് മലങ്കര സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടേതെന്ന് ബഹുവ. സ്പീക്കർ പറഞ്ഞു. സഭയുടെ തലവനും പിതാവും എം.എസ്സ്. എസ്സ്.എസ്സ്. ന്റെ പ്രസിഡന്റുമായ അത്യഭിവന്ദ്യ കാതോലിക്കാ ബാവാ തിരുമേനി ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ചു. സഭയുടെ തലവനായിരുന്ന മലങ്കര സോഷ്യൽ സർവ്വീസ് സൊസൈറ്റി സ്ഥാപകൻ ആർച്ച്ബിഷപ് ബനഡിക്ട് മാർ ഗ്രിഗോറിയോസ് തിരുമേനി ആരംഭിച്ച ശുശ്രൂഷയാണ് ഇന്നും മലങ്കര സോഷ്യൽ സർവ്വീസ് സൊസൈറ്റി തുടരുന്നതെന്ന് അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനി പറഞ്ഞു. ഐക്യരാഷ്ട്ര സംഘടനയിൽ നിന്നും ലഭിച്ച ഔദ്യോഗിക രേഖ ബഹു. സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണൻ മലങ്കര സോഷ്യൽ സർവ്വീസ് സൊസൈറ്റി ഡയറക്ടർ റവ. ഫാ. ബോവസ് മാത്യുവിന് കൈമാറി. ചടങ്ങിൽ മേജർ അതിഭദ്രാസന സഹായമെത്രാൻ അഭിവന്ദ്യ സാമുവൽ മാർ ഐറേനിയോസ്

തിരുമേനി, മുൻ കേരള സംസ്ഥാന ചീഫ് സെക്രട്ടറിയും തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിന്റെ പാസ്റ്ററൽ കൗൺസിൽ സെക്രട്ടറിയുമായ ശ്രീ. ജോൺ മത്തായി, മുൻ ഡി.ജി.പി.യും മലങ്കര സോഷ്യൽ സർവ്വീസ് സൊസൈറ്റി ഉപദേശക സമിതി ചെയർമാനുമായ ശ്രീ. ജേക്കബ് പുന്നൂസ്, എം.എസ്സ്.എസ്സ്.എസ്സ്. ചീഫ് പ്രോഗ്രാം കോർഡിനേറ്റർ രാജൻ എം. കാരക്കാട്ടിൽ എന്നിവർ പ്രസംഗിച്ചു. ആർച്ചുബിഷപ് ബനഡിക്ട് മാർ ഗ്രിഗോറിയോസ് ജന്മശതാബ്ദി ഹരിതപദ്ധതിയിൽ സമ്മാനാർഹരായവർക്കുള്ള അവാർഡുകളും കാഷ് അവാർഡും അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനിയും ബഹു. സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണനും വിതരണം ചെയ്തു.

## മാർ ബസേലിയോസ്
## യൂത്ത് എക്സലൻസ് അവാർഡ്

കേരളത്തിലെ മികച്ച എഞ്ചിനീയറിംഗ് കോളേജ് വിദ്യാർത്ഥിക്കായി നാലാഞ്ചിറ മാർ ബസേലിയോസ് എഞ്ചിനീയറിംഗ് കോളേജിലെ പൂർവ്വവിദ്യാർത്ഥി സംഘടനയായ 'എംബീസീത്ത' ഏർപ്പെടുത്തിയിരിക്കുന്ന മാർ ബസേലിയോസ് യൂത്ത് എക്സലൻസ് അവാർഡിന് ഈ വർഷം നിഷ മറിയം ജോൺസൺ തെരഞ്ഞെടുക്കപ്പെട്ടു. 2016 ആഗസ്റ്റ് 5 ഉച്ചയ്ക്ക് 2.30 ന് അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനിയുടെ അധ്യക്ഷതയിൽ കോളേജ് ഓഡിറ്റോറിയത്തിൽ നടന്ന സമ്മേളനത്തിൽ വച്ച് ബഹു. കേരള മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ അവാർഡ് സമ്മാനിച്ചു. പ്രിൻസിപ്പൽ ഡോ. ടി. എം. ജോർജ്ജ്, ബർസാർ റവ. ഫാ. വിൽസൺ തട്ടാരുതുണ്ടിൽ, പൂർവ്വ വിദ്യാർത്ഥി ബി. ഗായത്രി കൃഷ്ണൻ ഐ.എ.എസ്. എന്നിവർ പ്രസംഗിക്കും. ഒരു ലക്ഷം രൂപയും, ഫലകവും, പ്രശസ്തിപത്രവും ഉൾപ്പെടുന്നതാണ് അവാർഡ്. തിരുവനന്തപുരം ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജിൽ നിന്ന് ഈ വർഷം ഇലക്ട്രോണിക്സ് എഞ്ചിനീയറിംഗ് പഠനം പൂർത്തിയാക്കിയ കുമാരി നിഷ മറിയം ജോൺസൺ ചെങ്ങന്നൂർ സ്വദേശിനിയാണ്.

# ഡയാലിസിസ് യൂണിറ്റ്

പിരപ്പൻകോട് മലങ്കര മെഡിക്കൽ വില്ലേജിന് ലയൺസ് ക്ലബ്ബ് ഇന്റർനാഷണൽ നൽകിയ 4 ഡയാലിസിസ് യൂണിറ്റുകളുടെ ഉദ്ഘാടനം ബഹു. കേരള സംസ്ഥാന ആരോഗ്യവകുപ്പ്മന്ത്രി ശ്രീമതി കെ. കെ. ഷൈലജ നിർവ്വഹിച്ചു. ലയൺസ് ക്ലബ്ബ് 25 ലക്ഷം രൂപ മുടക്കിയാണ് ഡയാലിസിസ് യന്ത്രങ്ങൾ വാങ്ങി നൽകിയത്. ഇതിനോടനുബന്ധിച്ച് നടന്ന പൊതുസമ്മേളനം മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ തലവനും പിതാവും സെന്റ് ജോൺസ് മലങ്കര മെഡിക്കൽ വില്ലേജിന്റെ രക്ഷാധികാരി യുമായ മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമീസ് കാതോലിക്കാബാവാ തിരുമേനി നിർവ്വഹിച്ചു. ലയൺസ് ക്ലബ്ബ് ഇന്റർനാഷണൽ ഡിസ്ട്രിക്ട് ഗവർണർ ശ്രീ. സി. എ. അലക്സ് കുര്യക്കോസ് തങ്ങളത്തിൽ പ്രസ്തുത യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു. മലങ്കര മെഡിക്കൽ വില്ലേജ് ഡയറക്ടർ റവ. ഫാ. ജോസ് കിഴക്കേടത്ത് സ്വാഗതം ആശംസിച്ചു. രാഷ്ട്രീയ സാമൂഹിക രംഗത്തെ പ്രമുഖർ ആശംസകൾ അറിയിച്ചു. 2013-ൽ 3 ഡയാലിസിസ് യൂണി റ്റുകളുമായ് ആരംഭിച്ച് ഇപ്പോൾ 7 യൂണിറ്റുകളായി വളർന്നിരിക്കുന്ന മലങ്കര മെഡിക്കൽ വില്ലേജിലെ ഡയാലിസിസ് യൂണിറ്റിന് ഒരു മാസം 600 പേർക്ക് സൗജന്യമായി ഡയാലിസിസ് നൽകത്തക്ക രീതിയിൽ നമ്മുടെ ആശുപത്രി ഇപ്പോൾ സജ്ജമാണ്.

## ബഹു. വൈദികരുടെ ശ്രദ്ധയ്ക്ക്

തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിലെ ബഹു. വൈദികരുടെ **വാർഷികധ്യാനം** 2016 ഒക്ടോബർ 2 വൈകു ന്നേരം മുതൽ 7 ഉച്ചവരെ തീയതികളിൽ പാലാ സെന്റ് അൽഫോൺ സിയൻ സെന്ററിൽ നടക്കും. അണക്കര ധ്യാന കേന്ദ്ര ഡയറക്ടർ റവ. ഫാ. ഡൊമനിക് വളമനയാണ് ധ്യാനം നയിക്കുന്നത്. 2016 ഒക്ടോബർ 2 ഞായർ ഉച്ച കഴിഞ്ഞ് 3.00-ന് തിരുവനന്തപുരത്ത് നിന്ന് ഇതിനുള്ള യാത്രാക്രമീകരണം ഉണ്ടായിരിക്കുന്നതാണ്. മേജർ അതിഭദ്രാസന കേന്ദ്രത്തിൽ നിന്നും ക്രമീകരിക്കുന്ന വാഹനത്തിൽ പോകുവാൻ ആഗ്രഹി ക്കുന്ന ബഹു. വൈദികർ 2016 സെപ്റ്റംബർ 25-ന് മുമ്പായി വിവരം ചാൻസിലറെ അറിയിക്കേണ്ടതാണ് (ഫോൺ: 9447144869).

- ചാൻസിലർ



പിരപ്പൻകോട് മലങ്കര മെഡിക്കൽ വില്ലേജിൽ പുതിയതായി ആരംഭിച്ച ഡയാലിസിസ്
യൂണിറ്റുകളുടെ ഉദ്ഘാടനം ബഹു. കേരള സംസ്ഥാന ആരോഗ്യവകുപ്പ് മന്ത്രി
ശ്രീമതി കെ. കെ. ശൈലജ നിർവ്വഹിക്കുന്നു
(03 - 08 - 2016)



മേജർ അതിഭദ്രാസനതല സണ്ടേസ്കൂൾദിനാഘോഷം പുനലൂർ വൈദികജില്ലയിലെ നരിക്കൽ
മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയത്തിൽ മേജർ അതിഭദ്രാസന സണ്ടേസ്കൂൾ ഡയറക്ടർ
റവ. ഡോ. ജോർജ് തോമസ് കൊച്ചുവിളയിൽ ഉദ്ഘാടനം ചെയ്യുന്നു
(07 - 08 - 2016)



അതുല്യ്വന്ദ്യ കാതോലിക്കാബാവാ തിരുമേനി ബഹു. രാഷ്ട്രപതി ശ്രീ. പ്രണബ് മുഖർജിയുമായി
കൂടിക്കാഴ്ച്ച നടത്തിയപ്പോൾ (ന്യൂഡൽഹി, 12 - 08 - 2016)



മാർ ബസേലിയോസ് യൂത്ത് എക്സലൻസ് അവാർഡ്ദാന കർമ്മം
ബഹു. കേരള മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ നിർവ്വഹിക്കുന്നു
(മാർ ബസേലിയോസ് എൻജിനിയറിങ് കോളജ്, നാലാഞ്ചിറ, 05 - 08 - 16)

# ദൈവദാസൻ മാർ ഈവാനിയോസ് തിരുമേനിയുടെ നാമകരണ

(പട്ടം കത്തീഡ്രൽ,









# നടപടികളുടെ മേജർ അതിഭദ്രാസനതല സമാപന ദൃശ്യങ്ങൾ

25 – 08 – 2016)











പിരപ്പൻകോട് മലങ്കര മെഡിക്കൽ വില്ലേജിൽ പുതിയതായി ആരംഭിച്ച ഡയാലിസിസ് യൂണിറ്റുകളുടെ ഉദ്ഘാടനം ബഹു. കേരള സംസ്ഥാന ആരോഗ്യവകുപ്പ് മന്ത്രി ശ്രീമതി കെ. കെ. ശൈലജ നിർവ്വഹിക്കുന്നു

(03 - 08 - 2016)



മേജർ അതിഭദ്രാസനതല സണ്ടേസ്കൂൾദിനാഘോഷം പുനലൂർ വൈദികജില്ലയിലെ നരിക്കൽ മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയത്തിൽ മേജർ അതിഭദ്രാസന സണ്ടേസ്കൂൾ ഡയറക്ടർ റവ. ഡോ. ജോർജ് തോമസ് കൊച്ചുവിളയിൽ ഉദ്ഘാടനം ചെയ്യുന്നു

(07 - 08 - 2016)

# വിശ്വാസപരിശീലന കാര്യാലയം

## വിശ്വാസപരിശീലനദിനം

ആഗസ്റ്റ് 7-ന് വിശ്വാസപരിശീലനദിനം തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിലെ ഇടവകകളിൽ ആചരിച്ചു. മേജർ അതിഭദ്രാസനതലത്തിലുള്ള സണ്ടേസ്കൂൾദിനാഘോഷം പുനലൂർ വൈദികജില്ലയിലെ നരിക്കൽ സെന്റ് ജൂഡ് മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയത്തിൽ നടന്നു. മേജർ അതിഭദ്രാസന സണ്ടേസ്കൂൾ ഡയറക്ടർ റവ. ഡോ. ജോർജ് തോമസ് കൊച്ചുവിളയിൽ ഉദ്ഘാടനം ചെയ്തു. ഇടവക വികാരി റവ. ഫാ. ജേക്കബ് കല്ലുവിള, റവ. സി. അമൂല്യ ഡി.എം., സണ്ടേസ്കൂൾ എക്സിക്യൂട്ടീവ് അംഗം ശ്രീ. കെ. ഡാനിയേൽ എന്നിവർ ക്രമീകരണങ്ങൾക്ക് നേതൃത്വം നൽകി.

## സൺഡേ ശാലോം

ശാലോം മിനിസ്ട്രിയുമായി സഹകരിച്ച് മേജർ അതിഭദ്രാസനത്തിലെ എല്ലാ സണ്ടേസ്കൂൾ അധ്യാപകർക്കും ***സൺഡേ ശാലോം*** സൗജന്യമായി ലഭ്യമാക്കുന്നതാണ്.

## രചനാമത്സരം

സർഗ്ഗോത്സവം 2016-ന്റെ ഭാഗമായുള്ള രചനാമത്സരങ്ങൾ 2016 ആഗസ്റ്റ് 24-ന് ജില്ലാ കേന്ദ്രങ്ങളിൽ വച്ച് നടത്തപ്പെട്ടു.

## ഡയറക്ടേഴ്സ് & ആനിമേറ്റേഴ്സ് മീറ്റിങ്ങ്

സണ്ടേസ്കൂൾ ജില്ലാ ഡയറക്ടേഴ്സിന്റെയും ആനിമേറ്റേഴ്സിന്റെ മീറ്റിംങ്ങ് 2016 ആഗസ്റ്റ് 25-ന് സമന്വയ പാസ്റ്ററൽ സെന്ററിൽ വച്ച് നടന്നു. സണ്ടേസ്കൂൾ പാഠ്യപദ്ധതി, സർഗ്ഗോത്സവം 2016 എന്നിവയെകുറിച്ച് ചർച്ച ചെയ്ത് തീരുമാനങ്ങൾ എടുത്തു.

## ജില്ലാ ആനിമേറ്റേഴ്സ്

പുനലൂർ ജില്ലയിലെ ആനിമേറ്ററായി സ്തുത്യർഹമാംവിധം ശുശ്രൂഷ ചെയ്ത റവ. സി. ജെൻസി, കിളിമാനൂർ ജില്ലയിലെ

ആനിമേറ്ററായി സ്തുത്യർഹമാം വിധം സേവനം ചെയ്ത സി. അക്വീനാ എന്നിവർക്ക് വിശ്വാസ പരിശീലന കാര്യാലയ ത്തിന്റെ സ്നേഹംനിറഞ്ഞ കൃതജ്ഞതയും പുതുതായി നിയമി തരായ സി. നിർലീന, സി. ദീപ്തി എന്നിവർക്ക് ഭാവുകങ്ങളും ആശംസിക്കുന്നു.

## സ്ഥിതിവിവരഫോം

സ്ഥിതിവിവരഫോം പൂരിപ്പിച്ച് എത്രയും വേഗം കേന്ദ്ര ഓഫീസിൽ എത്തിക്കേണ്ടതാണെന്ന് പ്രത്യേകം ഓർമ്മിപ്പിക്കുന്നു.

## കുട്ടികളുടെ ഡയറി റിസൽട്ട് 2015-16

| ക്ലാസ്സ് | പേര് | ഇടവക | ജില്ല | സ്ഥാനം |
|---|---|---|---|---|
| III | അഞ്ജന ജെ.ബി. | ചാറോട്ടുകോണം (കുളത്തൂർ) | പാറശ്ശാല | Ist |
| | ആൻ തോമസ് | മണ്ണന്തല | തിരുവനന്തപുരം | 2nd |
| | മനു പ്രകാശ് ജെ.എസ്. | പുത്തൻകാവുവിള | കാട്ടാക്കട | 3rd |
| IV | ലിനോ ജയൻ | നാലാഞ്ചിറ | തിരുവനന്തപുരം | Ist |
| | എയ്ബെൽ അച്ചൻകുഞ്ഞ് | ഇടമൺ | പുനലൂർ | 2nd |
| | അഹന എസ്. രാജ് | പിൻകുളം | പാറശ്ശാല | 3rd |
| V | രേഷ്മ എസ്. | കരിപ്പൂര് | നെടുമങ്ങാട് | Ist |
| | അഞ്ജന അനിൽ | ധനുവച്ചപുരം | പാറശ്ശാല | 2nd |
| | പ്രെറ്റി സൂസൻ ജേക്കബ് | കുന്നപ്പുഴ | തിരുവനന്തപുരം | 3rd |
| VI | അലീന അജു | നാലാഞ്ചിറ | തിരുവനന്തപുരം | Ist |
| | എയ്ഞ്ചൽ മേരി ജയിംസ് | മഞ്ഞക്കാല | കൊട്ടാരക്കര | 2nd |
| | ഫെനു ജോസഫ് | ഇടമൺ | പുനലൂർ | 3rd |
| VII | ആര്യ എ. അഗസ്റ്റിൻ | കാഞ്ഞിരംകുളം | നെയ്യാറ്റിൻകര | Ist |
| | ആഷിക എസ്.എൽ. | കുഴിഞ്ഞാംവിള | പാറശ്ശാല | 2nd |
| | നിമ ആർ. | വലിയമല | നെടുമങ്ങാട് | 3rd |
| VIII | ജാസ്മിൻ എസ്.എം. | കണ്ണറവിള | നെയ്യാറ്റിൻകര | Ist |
| | രഞ്ജിത ഐ.എൻ. | ചാറോട്ടുകോണം | പാറശ്ശാല | 2nd |
| | അന്നു ആന്റണി | നാലാഞ്ചിറ | തിരുവനന്തപുരം | 3rd |

| | | | | |
|---|---|---|---|---|
| IX | സിനിസ്റ്റീഫൻ | പരുത്തിക്കുഴി | നെടുമങ്ങാട് | Ist |
| | ഷേബാമോൾ | ആര്യങ്കാവ് | പുനലൂർ | 2nd |
| | ശ്രുതി എം. സുകു | പിൻകുളം | പാറശ്ശാല | 3rd |
| X | റിൻസി ആൻ സ്റ്റീഫൻ | കുന്നപ്പുഴ | തിരുവനന്തപുരം | Ist |
| | അജിൻ റോയ് | ചോഴിയക്കോട് | ആയൂർ | 2nd |
| | സോണി കെ.എസ്. | ഊരകം | കിളിമാനൂർ | 3rd |
| XI | വിനിഷാ പി.വി. | റസ്സൽപുരം | നെയ്യാറ്റിൻകര | Ist |
| | ലിഡാ തോമസ് | ഇളമണ്ണൂർ | അടൂർ | 2nd |
| | റാണി ഡി. | കുറ്റിയാനി | കഴക്കൂട്ടം | 3rd |
| XII | ആര്യാ ജി.എ. | കഴക്കുന്നം | നെടുമങ്ങാട് | Ist |
| | സാന്ദ്രാ മറിയം സൈമൺ | വയല | അടൂർ | 2nd |
| | ആനി എസ്. | മുല്ലൂർ | നെയ്യാറ്റിൻകര | 3rd |

## വിജയികൾക്ക് അഭിനന്ദനങ്ങൾ

## അധ്യാപക ഡയറി റിസൾട്ട് 2015–16

| ക്ലാസ്സ് | പേര് | ഇടവക | ജില്ല |
|---|---|---|---|
| LKG | 1. ചിത്ര എസ്. | പ്രാവച്ചമ്പലം | നെയ്യാറ്റിൻകര |
| | 2. ലിനി എൻ.ഡബ്ല്യു | തൊഴുക്കൽക്കോണം | കാട്ടാക്കട |
| | 3. എം. രാജമ്മ | കുളത്താമ്മൽ | പാറശ്ശാല |
| UKG | 1. രമ്യ ആർ.എസ്. | പുത്തൻകാവുവിള | കാട്ടാക്കട |
| | 2. സെൽവി എൽ.എൽ. | കാവടിത്തല | തിരുവനന്തപുരം |
| I | 1. ചിന്നു എസ്.ഡി. | മുല്ലൂർ | നെയ്യാറ്റിൻകര |
| | 2. ഷീബാ എസ്. | കണ്ടല | കാട്ടാക്കട |
| | 3. ആൻസി ആൽബർട്ട് | കാഞ്ഞിരംപാറ | തിരുവനന്തപുരം |
| II | 1. ലിൻസിരാജ് എൽ.ആർ. | കുളത്താമ്മൽ | പാറശ്ശാല |
| | 2. നീതു എസ്. | അരുവാട്ടുകോണം | കാട്ടാക്കട |
| | 3. റോസ് മഞ്ജുള | വാളകം | കൊട്ടാരക്കര |
| III | 1. രജിത ആന്റണി | പുത്തൻകാവുവിള | കാട്ടാക്കട |
| | 2. ആനി മാത്യു | തൊടുവക്കാട് | അടൂർ |
| | 3. ഉഷ എം. | തിരുവല്ലം | തിരുവനന്തപുരം |

| | | | |
|---|---|---|---|
| IV | 1. സുഗന്ധി ആർ. | കാഞ്ഞിരംകുളം | നെയ്യാറ്റിൻകര |
| | 2. അഖിൽ എം. | കണ്ടല | കാട്ടാക്കട |
| | 3. ലിജി ബിജു | വാളകം | കൊട്ടാരക്കര |
| V | 1. അനിത വി. | റസ്സൽപുരം | നെയ്യാറ്റിൻകര |
| | 2. ലീലു ജേക്കബ് | പനവേലി | കൊട്ടാരക്കര |
| | 3. ശ്യാമ എ. തോമസ് | കുഴിഞ്ഞാൻവിള | പാറശ്ശാല |
| VI | 1. ഷോണി എസ്. | പിൻകുളം | പാറശ്ശാല |
| | 2. സന്ധ്യ ബി.എം. | കാഞ്ഞിരംകുളം | നെയ്യാറ്റിൻകര |
| | 3. സിജൊ വി.എസ്. | ഒറ്റശേഖരമംഗലം | കാട്ടാക്കട |
| VII | 1. ദീപാ കുഞ്ഞുമോൻ | പനവേലി | കൊട്ടാരക്കര |
| | 2. ലൈല എഫ്. | വിമലഗിരി | പാറശ്ശാല |
| | 3. വസന്ത എം. | പുത്തൻകാവുവിള | കാട്ടാക്കട |
| VIII | 1. സബീനാ വി. | പ്രാവച്ചമ്പലം | പാറശ്ശാല |
| | 2. സുനിതാരാജ് | പിൻകുളം | നെയ്യാറ്റിൻകര |
| | 3. ജലജ എസ്. | പുത്തൻകാവുവിള | കാട്ടാക്കട |
| IX | 1. അഖില ബി. എസ്. | വലിയമല | നെടുമങ്ങാട് |
| | 2. ഷീജാജോസ് പ്രകാശ് | പുത്തൻകാവുവിള | കാട്ടാക്കട |
| | 3. ബിന്ദു സ്റ്റാൻലി | കുളത്താമൽ | പാറശ്ശാല |
| X | 1. ഉഷാകുമാരി എസ്. | കണ്ടല | കാട്ടാക്കട |
| | 2. ബീനാ എസ്. | തിരുവല്ലം | തിരുവനന്തപുരം |
| | 3. ഗീതാ പി.എസ്. | പനച്ചമൂട് | പാറശ്ശാല |
| XI | 1. മേഴ്സി എസ്. കരുൺ | പനച്ചമൂട് | പാറശ്ശാല |
| | 2. സുജാ മേരി പി. | കാവടിത്തല | തിരുവനന്തപുരം |
| | 3. ഷീജാ റെജി | വയല | അടൂർ |
| XII | 1. സൂസൻ ജേക്കബ് | വയല | അടൂർ |
| | 2. രേണു മറിയം | പുനലാൽ | കാട്ടാക്കട |
| | 3. രജനി ക്രിസ്തുദാസ് | കാഞ്ഞിരംപാറ | തിരുവനന്തപുരം |

## വിജയികൾക്ക് അഭിനന്ദനങ്ങൾ

## മേജർ അതിഭദ്രാസന
## അർദ്ധവാർഷിക സെനറ്റ് സമ്മേളനം

മേജർ അതിഭദ്രാസന എം.സി.വൈ.എം. സമിതിയുടെ അർദ്ധവാർഷിക സെനറ്റ് സമ്മേളനം 2016 ജൂലൈ 30-ാം തീയതി അടൂർ വൈദികജില്ലയുടെ ആതിഥേയത്വത്തിൽ കൊടുമൺ മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയത്തിൽവച്ച് നടന്നു. മേജർ അതിഭദ്രാസന വികാരി ജനറാൾ റൈറ്റ് റവ. മോൺ. ഡോ. ജോൺ കൊച്ചുതുണ്ടിൽ സെനറ്റ് സമ്മേളനം ഉദ്ഘാടനം ചെയ്തു. മേജർ അതിഭദ്രാസന പ്രസിഡന്റ് ശ്രീ. കിഷോർ തമലം അധ്യക്ഷത വഹിച്ച സമ്മേളനത്തിൽ വെരി റവ. ഫാ. ഗീവർഗ്ഗീസ് നെടിയത്ത്, റവ. ഫാ. വർഗ്ഗീസ് കിഴക്കേക്കര, റവ. ഫാ. ജോഷ്വാ പാറയിൽ തുടങ്ങിയവർ പ്രസംഗിച്ചു. വൈദിക ജില്ലകൾ ജനുവരി മുതൽ ജൂൺ വരെയുള്ള പ്രവർത്തന റിപ്പോർട്ട് അവതരിപ്പിച്ചു. മേജർ അതിഭദ്രാസന സമിതിയുടെ പ്രവർത്തനറിപ്പോർട്ട് ജനറൽ സെക്രട്ടറി ശ്രീ. ഷൈജു ജോസഫ് സെനറ്റിൽ അവതരിപ്പിച്ചു.

## തൂലിക 2016

മേജർ അതിഭദ്രാസന രചനാ മത്സരങ്ങൾ തൂലിക 2016 എന്ന പേരിൽ 2016 ആഗസ്റ്റ് 13-ാം തീയതി വൈദികജില്ലാ കേന്ദ്രങ്ങളിൽ വച്ച് നടന്നു. കഥാരചന, കവിതാരചന, പത്രവാർത്തരചന, ഉപന്യാസം, ബൈബിൾ ക്വിസ്, വേദവാക്യരചന എന്നീ ഇനങ്ങളിലാണ് മത്സരം നടന്നത്. മേജർ അതിഭദ്രാസന ഡയറക്ടർ റവ. ഫാ. വർഗ്ഗീസ് കിഴക്കേക്കര, റവ. ഫാ. അരുൺ ഏറത്ത്, ജനറൽ സെക്രട്ടറി ഷൈജു ജോസഫ് തുടങ്ങിയവർ വൈദിക ജില്ലകൾ സന്ദർശിച്ചു. മേജർ അതിഭദ്രാസന ഭാരവാഹികൾ വൈദികജില്ലകളിൽ തൂലിക രചനാമത്സരം നടത്താൻ നേതൃത്വം നൽകി.

## വുൾഗാത്ത - മേജർ അതിഭദ്രാസന ബൈബിൾ ക്വിസ്

എം.സി.വൈ.എം. മേജർ അതിഭദ്രാസന സമിതിയുടെ ബൈബിൾ ക്വിസ് മത്സരം, 'വുൾഗാത്ത' 2016 ആഗസ്റ്റ് 28-ാം തീയതി പട്ടം സമന്വയ പാസ്റ്ററൽ സെന്ററിൽ വച്ച് നടന്നു. വൈദീക ജില്ലകളിൽ നിന്നായി പതിനൊന്ന് ടീമുകൾ മത്സരത്തിൽ പങ്കെടുത്തു. മത്സരത്തിൽ കൊട്ടാരക്കര വൈദികജില്ല ഒന്നാം സ്ഥാനവും അടൂർ വൈദികജില്ല രണ്ടാം സ്ഥാനവും പാറശ്ശാല വൈദികജില്ല മൂന്നാം സ്ഥാനവും കരസ്ഥമാക്കി. മാർ ഈവാനിയോസ് കോളേജ് ബർസാർ റവ. ഫാ. ജോഷ്വാ കൊച്ചുവിളയിൽ, റവ. ഫാ. ഷീൻ തങ്കാലയം തുടങ്ങിയവർ ക്വിസ് മാസ്റ്റർമാരായിരുന്നു. തിരുവനന്തപുരം മേജർ അതിഭദ്രാസന ഭാരവാഹികൾ മത്സരത്തിന് നേതൃത്വം നൽകി.

# കെ.സി.എസ്.എൽ.

## ആനിമേറ്റേഴ്സ് - വിദ്യാർത്ഥിനേതൃസംഗമം

കെ.സി.എസ്.എൽ. മേജർ അതിഭദ്രാസനത്തിലെ വിവിധ സ്കൂളുകളിലെ ആനിമേറ്റേഴ്സ് വിദ്യാർത്ഥി സെക്രട്ടറിമാരുടെ ഒരു സംഗമം 2016 സെപ്റ്റംബർ 3 ശനിയാഴ്ച ഉച്ചകഴിഞ്ഞ് 1.30-ന് പട്ടം സമന്വയ പാസ്റ്ററൽ സെന്ററിൽ നടക്കും.

## സാഹിത്യമത്സരം

കെ.സി.എസ്.എൽ. അതിഭദ്രാസനസമിതിയുടെ നേതൃത്വത്തിലുള്ള സാഹിത്യമത്സരം 2016 സെപ്റ്റംബർ 17-ന് രാവിലെ 10.00 മുതൽ നടക്കും. സെപ്റ്റംബർ 10-ന് മുമ്പ് രജിസ്ട്രേഷൻ നടത്തണം. രജിസ്ട്രേഷൻ ഫീസ് 50/- രൂപ.

കൂടുതൽ വിവരങ്ങൾക്ക്:- 8547622725, 9747304486, 9446476495

## സംസ്ഥാനതല കാരുണ്യയാത്ര

പട്ടം സെന്റ് മേരീസ് സ്കൂൾ അങ്കണം,

2016 സെപ്റ്റംബർ 23, വെള്ളി, ഉച്ചയ്ക്ക് 12.00-ന്

## എം.സി.എ. ജില്ലാസന്ദർശനങ്ങൾ പൂർത്തിയാക്കി

മലങ്കര കാത്തലിക് അസോസിയേഷൻ തിരുവനന്തപുരം മേജർ അതിഭദ്രാസന സമിതിയുടെ 'കർമ്മപദ്ധതി-2016' ന്റെ ഭാഗമായ ജില്ലാ സന്ദർശനങ്ങൾ വിജയകരമായി പൂർത്തിയാക്കി.

| | | | | | |
|---|---|---|---|---|---|
| മെയ് 22 | - | അടൂർ | ജൂലൈ 3 | - | കാട്ടാക്കട |
| ജൂൺ 4 | - | തിരുവനന്തപുരം | ജൂലൈ 17 | - | കഴക്കൂട്ടം |
| ജൂൺ 5 | - | നെയ്യാറ്റിൻകര | ജൂലൈ 24 | - | പാറശ്ശാല |
| ജൂൺ 12 | - | ആയൂർ | ആഗസ്റ്റ് 7 | - | കൊട്ടാരക്കര |
| ജൂൺ 19 | - | നെടുമങ്ങാട് | ആഗസ്റ്റ് 21 | - | പുനലൂർ |
| ജൂൺ 26 | - | കിളിമാനൂർ | | | |

എം.സി.എ. മേജർ അതിഭദ്രാസന ഡയറക്ടർ റവ. ഫാ. ഹോർമിസ് പുത്തൻവീട്ടിൽ, പ്രസിഡന്റ് ശ്രീ ജെ. ക്രിസ്തുദാസ്, ജനറൽ സെക്രട്ടറി ശ്രീ. സത്യകുമാർ ആർ.എം., സെക്രട്ടറി ശ്രീ. എൻ. ധർമ്മരാജ് തുടങ്ങിയ ഭാരവാഹികൾ ജില്ലാ സന്ദർശനങ്ങൾക്ക് നേതൃത്വം നൽകി. ജില്ലാ സന്ദർശനങ്ങൾ വഴി ജില്ലകൾക്ക്, യൂണിറ്റുകൾ ശക്തിപ്പെടുത്താനും അംഗത്വസമാഹരണം ഊർജ്ജിതമാക്കാനും ആവശ്യമായ പ്രചോദനം ലഭിച്ചു. ജില്ലാ വികാരിമാരുടെയും എം.സി.എ. ജില്ലാ ഡയറക്ടർമാരുടെയും സാന്നിധ്യവും മാർഗ്ഗനിർദേശങ്ങളും അൽമായപ്രസ്ഥാനത്തിലെ ജില്ലാ നേതൃത്വങ്ങൾക്ക് പുതുജീവൻ പകർന്നു.

## കലോത്സവവും അർധവാർഷിക അസംബ്ലിയും:

മേജർ അതിഭദ്രാസനതല എം.സി.എ. കലോത്സവവും അർധവാർഷിക അസംബ്ലിയും 10.09.2016 ശനിയാഴ്ച പട്ടം 'സമന്വയ'യിൽ നടക്കുന്നു. രാവിലെ 9.00-ന് രജിസ്ട്രേഷൻ, തുടർന്ന് കലോത്സവം. ഉച്ചകഴിഞ്ഞ് 1.30 മുതൽ അർധവാർഷിക അസംബ്ലി നടക്കും. അതിഭദ്രാസന - ജില്ലാതലങ്ങളിലെ എം.സി.എ. ഭാരവാഹികളും മാനേജിംഗ് കമ്മിറ്റി അംഗങ്ങളും നിർബന്ധമായും പങ്കെടുക്കേണ്ടതും ജില്ലയുടെ അർധവാർഷികറിപ്പോർട്ടും കണക്കും അവതരിപ്പിച്ച് സമർപ്പിക്കേണ്ടതുമാണ്.

## മാനേജിംഗ് കമ്മിറ്റി യോഗം

മലങ്കര കാത്തലിക് അസോസിയേഷൻ തിരുവനന്തപുരം മേജർ അതിഭദ്രാസന മാനേജിംഗ് കമ്മിറ്റിയുടെയും ജില്ലാ പ്രസിഡന്റ്, സെക്രട്ടറിമാരുടെയും ഒരു സംയുക്ത യോഗം 2016 സെപ്റ്റംബർ 4 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2.30-ന് പട്ടം കത്തീഡ്രൽ പാരിഷ് ഹാളിൽ കൂടുന്നു. പൂരിപ്പിച്ച കലോത്സവ പ്രവേശന ഫോറം, യൂണിറ്റ് ഭാരവാഹികളുടെ ലിസ്റ്റ്, പൂരിപ്പിച്ച് സ്കോളർഷിപ്പ് അപേക്ഷാ ഫോമുകൾ, കലോത്സവം രജിസ്ട്രേഷൻ ഫീസ്, 'കരുണയുടെ കവാടം തുറക്കാം' എന്ന പദ്ധതിയ്ക്കു വേണ്ടി കൂപ്പൺ വഴി സമാഹരിച്ച തുക എന്നിവ ഇതുവരെ സമർപ്പിക്കാത്തവർ ഈ യോഗത്തിൽ നിർബന്ധമായും ഹാജരാക്കേണ്ടതാണ്.

## ബനഡിക്ട് മാർ ഗ്രിഗോറിയോസ് ഓർമ്മ: ഉപന്യാസം, കവിത മത്സരങ്ങൾ

ആർച്ചു ബിഷപ്പ് ബനഡിക്ട് മാർ ഗ്രിഗോറിയോസ് പിതാവിന്റെ ഓർമ്മപ്പെരുന്നാളിനോടനുബന്ധിച്ച് എം.സി.എ. തിരുവനന്തപുരം മേജർ അതിരൂപതാ സമിതിയുടെ ആഭിമുഖ്യത്തിൽ അതിരൂപതയിലെ എല്ലാവരെയും പങ്കെടുപ്പിച്ച് കൊണ്ട് ഈ വർഷം ഒരു പ്രത്യേക മത്സരം നടത്തുന്നു. ഉപന്യാസം, കവിത എന്നീ ഇനങ്ങളിൽ, പ്രായത്തിന്റെ അടിസ്ഥാനത്തിൽ മൂന്നു വിഭാഗങ്ങൾക്കായി മത്സരം ക്രമീകരിച്ചിരിക്കുന്നു.

**വിഭാഗം I (18 വയസ്സിന് താഴെ)**

**കവിത** - വിഷയം:- ആർച്ചുബിഷപ്പ് ബനഡിക്ട് മാർ ഗ്രിഗോറിയോസ്: 'പ്രകൃതിക്കൊരു ചങ്ങാതി'

**ഉപന്യാസം**- വിഷയം:- ആർച്ചുബിഷപ്പ് ബനഡിക്ട് മാർ ഗ്രിഗോറിയോസ്: 'ദൈവസ്നേഹത്തിന്റെ ഉത്തമദൃഷ്ടാന്തം'

**വിഭാഗം II (18 വയസ്സും അതിനു മേൽ 30 വയസ്സു വരെ)**

**കവിത-വിഷയം:-** ആർച്ചുബിഷപ്പ് ബനഡിക്ട് മാർ ഗ്രിഗോറിയോസ്: 'മതസാംസ്കാരിക വിദ്യാഭ്യാസ മേഖലകളിലെ മൗലിക ശബ്ദം'

**വിഭാഗം III (30 വയസ്സിന് മുകളിൽ)**

**കവിത - വിഷയം:-** ആർച്ചുബിഷപ്പ് ബനഡിക്ട് മാർ ഗ്രിഗോറിയോസ്: 'സഫലമാം ജന്മം'

**ഉപന്യാസം - വിഷയം:-** ആർച്ചുബിഷപ്പ് ബനഡിക്ട് മാർ ഗ്രിഗോറിയോസ്: 'തീക്ഷ്ണമതിയും മിഷനറിയും സംത്യാഗിയുമായ ശ്രേഷ്ഠാചാര്യൻ'

കവിത 60 വരിയിൽ (4 പേജ്) കൂടരുത്. ഉപന്യാസം 4 പേജിൽ കുറയാനോ 6 പേജിൽ കൂടാനോ പാടില്ല. ഓരോ വിഭാഗത്തിലും വിജയികൾക്ക് പ്രത്യേകം സമ്മാനമുണ്ടായിരിക്കും. ഓരോ വൈദിക ജില്ലയിലും ഉള്ള മത്സരാർത്ഥികൾ തങ്ങളുടെ ഉപന്യാസവും കവിതയും എം.സി.എ. ജില്ലാഭാരവാഹികൾ മുഖാന്തിരം മേജർ അതിഭദ്രാസന സമിതിയെ 2016 സെപ്റ്റംബർ 15-ന് മുമ്പായി ഏല്പിക്കേണ്ടതാണ്. മത്സരാർത്ഥികൾ അവരുടെ പേര്, മേൽവിലാസം, പിൻകോഡ്, ഫോൺനമ്പർ, ജനനതീയതി, ഇടവക, വൈദികജില്ല എന്നീ വിവരങ്ങൾ പ്രത്യേകം ഷീറ്റിൽ രേഖപ്പെടുത്തി പിൻ ചെയ്യേണ്ടതാണ്. ഒരു ഫോട്ടോ കൂടി അയച്ചുതരണം.

വിശദവിവരങ്ങൾക്ക്:-

റവ. ഫാ. ഹോർമിസ് പുത്തൻവീട്ടിൽ
ഡയറക്ടർ
9495419623

ജെ. ക്രിസ്തുദാസ്
പ്രസിഡന്റ്
9446550937

ഷാജി തുരുത്തിയിൽ
ട്രഷറർ

ആർ.എം. സത്യകുമാർ
ജനറൽ സെക്രട്ടറി

## കുടുംബ പ്രേഷിത കാര്യാലയം

### വിവാഹ ഒരുക്ക സെമിനാർ

2016 സെപ്റ്റംബർ 9, 10, 11 - മാർ ഗ്രിഗോറിയോസ് റിന്യൂവൽ സെന്റർ, നാലാഞ്ചിറ

2016 ഒക്ടോബർ 7, 8, 9 - മാർ ഗ്രിഗോറിയോസ് റിന്യൂവൽ സെന്റർ, നാലാഞ്ചിറ

# ട്രിവാൻഡ്രം മലങ്കര സെൻട്രൽ കൗൺസിൽ

ട്രിവാൻഡ്രം മലങ്കര സെൻട്രൽ കൗൺസിലിന്റെ 36-ാമത് വാർഷികസമ്മേളനം 24.08.2016 ബുധനാഴ്ച, ബാലരാമപുരം സെന്റ് ജോസഫ് കോൺഫറൻസിന്റെ നേതൃത്വത്തിൽ നസ്രത്ത് ഹോം സ്കൂൾ ആഡിറ്റോറിയത്തിൽ വച്ച് സമുചിതമായി ആഘോഷിച്ചു.

രാവിലെ 8.30-ന് റവ. ഫാ. ഐസക് മാവറവിളാകം വി. കുർബാന അർപ്പിച്ചു. സെൻട്രൽ കൗൺസിൽ പ്രസിഡന്റ് ബ്ര. ഫ്രാൻസിസ് സുനിതൻ വിൻസെൻഷ്യൻ പതാക ഉയർത്തി. മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമിസ് കാതോലിക്കാബാവാ തിരുമേനി ഭദ്രദീപം കൊളുത്തി വാർഷികസമ്മേളനം ഉദ്ഘാടനം ചെയ്തുകൊണ്ട് സന്ദേശം നൽകി. സെൻട്രൽ കൗൺസിൽ പ്രസിഡന്റ് ബ്ര. ഡി. ഫ്രാൻസിസ് സുനിതൻ അദ്ധ്യക്ഷത വഹിച്ചു. ബഹു. കോവളം എം.എൽ.എ. അഡ്വ. എം. വിൻസെന്റ് മുഖ്യപ്രഭാഷണം നടത്തി. സെൻട്രൽ കൗൺസിൽ അദ്ധ്യാത്മികോപദേഷ്ടാവ് റൈറ്റ് റവ. ജെയിംസ് പാറവിള കോർ എപ്പിസ്കോപ്പാ, നാഷണൽ കൗൺസിൽ ഓഫ് ഇൻഡ്യയുടെ വൈസ് പ്രസിഡന്റ് ബ്ര. പി.ഐ. ജോസഫ്, സെൻട്രൽ കൗൺസിൽ വൈസ് പ്രസിഡന്റുമാരായ ബ്ര. പി. പൗലോസ്, ബ്ര. കെ. റ്റി. ഡാനിയേൽ എന്നിവർ ആശംസകളർപ്പിച്ചു സംസാരിച്ചു.

നാഷണൽ കൗൺസിൽ വൈസ് പ്രസിഡന്റ് ബ്ര. പി. ഐ. ജോസഫ് വിൻസെൻഷ്യൻ പ്രവർത്തനത്തെക്കുറിച്ച് ക്ലാസ്സെടുത്തു. സെൻട്രൽ കൗൺസിൽ സെക്രട്ടറി ബ്ര. റ്റി. ഇ. ജോർജ്ജ് റിപ്പോർട്ടും ട്രഷറർ ബ്ര. കെ.ഒ. തോമസ് വാർഷിക കണക്കും അവതരിപ്പിച്ചു. സെൻട്രൽ കൗൺസിൽ സീനിയർ വൈസ് പ്രസിഡന്റ് ബ്ര. പൂഴനാട് രാജൻ സ്വാഗതവും ബാലരാമപുരം ഏര്യാ കൗൺസിൽ പ്രസിഡന്റ് ബ്ര. കെ. സുദർശനൻ നന്ദിയും അർപ്പിച്ചു. 14 ഏര്യാ കൗൺസിലിൽ നിന്നും നാന്നൂറ്റി അമ്പതോളം സഹോദരങ്ങൾ പങ്കെടുത്തു. സെൻട്രൽ കൗൺസിൽ വനിതാ പ്രതിനിധി സിസ്റ്റർ മാർഗരറ്റ് ഡാനിയേലിന്റെ സമാപന പ്രാർത്ഥനയോടുകൂടി 1.45-ന് സമ്മേളനം അവസാനിച്ചു.

# ബൈബിൾ അപ്പസ്തോലേറ്റ്

## ലോഗോസ് ക്വിസ് 2016

നമ്മുടെ മേജർ അതിഭദ്രാസനത്തിൽ ആകെ 9794 പേർ ലോഗോസ് ക്വിസ് 2016 രജിസ്റ്റർ ചെയ്തിട്ടുണ്ട്. 2016 സെപ്റ്റംബർ 25-ന് നടക്കുന്ന പരീക്ഷയെ സംബന്ധിച്ച നിർദേശങ്ങൾ ചുവടെ ചേർക്കുന്നു.

1. പരീക്ഷാസമയം 2016 സെപ്റ്റംബർ 25 ഞായർ 2.00-pm-3.30pm.

2. സഭാഡയറക്ടറിയിലെ ജില്ലാക്രമീകരണമടിസ്ഥാനക്കിയ സെന്റർ കോഡു നമ്പരാണ് ഓരോ പരീക്ഷാകേന്ദ്രത്തിനും (ഇടവക, ഇതര സ്ഥാപനം) സ്വീകരിക്കുന്നത്. (ഉദാ: 001/2 അടൂർ വൈദിക ജില്ലയിലെ രണ്ടാമത്തെ കേന്ദ്രം). ലോഗോസ് ക്വിസ് 2016-ൽ രജിസ്റ്റർ ചെയ്തിട്ടുള്ള കേന്ദ്രങ്ങളുടെ സെന്റർ കോഡുനമ്പർ ചോദ്യ, ഉത്തരക്കടലാസുകളുടെ പായ്ക്കറ്റിന്റെ പുറത്ത് എഴുതി യിട്ടുണ്ട്.

3. പരീക്ഷാസാമഗ്രികൾ ലഭിച്ചാലുടനെ ഉത്തരക്കടലാസ് പായ്ക്കറ്റിലെ ഉത്തരക്കടലാസ് എണ്ണിനോക്കണം. ഓരോ പ്രായഗ്രൂപ്പിന്റെയും ഉത്തരക്കടലാസിന് നിറവ്യത്യാസമുണ്ട്. (ഉത്തരക്കടലാസ് പായ്ക്കറ്റ് ഒട്ടിച്ചിട്ടില്ല). എണ്ണിനോക്കി, രജിസ്റ്റർ ചെയ്തിട്ടുള്ള എണ്ണവും ഇനവും അനുസരിച്ച് ഉണ്ടോ എന്ന് പരിശോധിച്ച്, കുറവുണ്ടെങ്കിൽ, ഫോട്ടോകോപ്പി എടുക്കേണ്ട ആവശ്യമുണ്ടെങ്കിൽ എടുക്കുക. ഫോട്ടോകോപ്പിപേപ്പറിൽ കോ-ഓർഡിനേറ്റർ ഒപ്പിടണം. **BCDE പ്രായഗ്രൂപ്പുകാരുടെ ഉത്തരക്കടലാസ്** ഈ ഗ്രൂപ്പുകളിലുള്ളവർക്കു പൊതുവാണ്. അതിനാൽ, ആവശ്യമായാൽ ഗ്രൂപ്പുമാറി ഉപയോഗിക്കാം. പക്ഷേ, അച്ചടിച്ചിരിക്കുന്ന ഗ്രൂപ്പക്ഷരം വെട്ടിയിട്ട് ഉപയോഗിക്കുന്ന ഗ്രൂപ്പക്ഷരം വ്യക്തമായി എഴുതണം. ഈ പേപ്പറിലും കോ-ഓർഡിനേറ്റർ ഒപ്പിടണം.

4. പരീക്ഷാസാമഗ്രികളുടെ പായ്ക്കറ്റിൽനിന്ന് ഉത്തരമെഴുതാനുള്ള കടലാസ് മുൻകൂട്ടിഎടുത്ത് **ഓരോ ഉത്തരക്കടലാസിന്റെയും ഏറ്റവും മുകളിൽ ഇവിടെനിന്നു തരുന്ന കവറുകളുടെ പുറത്ത് എഴുതിയിട്ടുള്ള കോഡ്നമ്പർ (ഉദാ: 001/2) എഴുതണം.** കൂടാതെ,

ഉത്തരക്കടലാസിൽ പൂരിപ്പിക്കേണ്ട, പരീക്ഷ എഴുതുന്ന ആളിന്റെപേര്, ഓരോരുത്തരുടെയും രജിസ്റ്റർനമ്പർ = അതിരൂപതയിൽ തന്ന ലിസ്റ്റിൽ ഓരോരുത്തർക്കും നല്കിയിട്ടുള്ള രജിസ്ട്രേഷൻ നമ്പർ, (ഉദാ:-**A**1), ഭാഷ എന്നിവ എഴുതണം. (രജിസ്ട്രേഷൻ നമ്പരിന്റെ പൂർണരൂപം ഉദാഹരണത്തിന്, അടൂർ ജില്ലയിലെ അടൂർ പള്ളിയിലെ **A** ഗ്രൂപ്പിലെ 1-ാം പേരുകാരന്റെ രജിസ്റ്റർ നമ്പർ: **001/1/A**1; [അടൂർ ജില്ലാനമ്പർ 001 ; അടൂർപള്ളി നമ്പർ: 1; പ്രായഗ്രൂപ്പ് **A;** അതിലെ ഒന്നാം പേരുകാരൻ: 1.). അങ്ങനെ **001/1/A** 1. **B** പ്രായഗ്രൂപ്പിലാകുമ്പോൾ: **001/1/B**1. - ഇപ്രകാരംം എല്ലാ ഉത്തരക്കടലാസ്സുകളും തയ്യാറായിട്ടുണ്ടെന്ന് ഉറപ്പുവരുത്തണം.

5. 1.50 pm-ന് ഉത്തരക്കടലാസ് വിതരണം ആരംഭിക്കാം. **കൃത്യം 2.00 pm-നു ചോദ്യക്കവർ** (ബൈബിൾ അപോസ്റ്റലേറ്റ് ഡയറക്ടറുടെ സീൽ പതിച്ച ലേബലൊട്ടിച്ചു സീൽ ചെയ്തിട്ടുള്ളത്) **മറ്റുള്ളവരുടെ സാന്നിധ്യത്തിൽ** പൊട്ടിച്ച് ചോദ്യക്കടലാസ് വിതരണം ചെയ്യുക. **A, F പ്രായഗ്രൂപ്പുകാർക്കുള്ള ചോദ്യപേപ്പർ BCDEപ്രായഗ്രൂപ്പുകാരുടേതിൽനിന്നു വ്യത്യസ്തമാണ്. BCDE പ്രായഗ്രൂപ്പുകാർക്ക് ഒരേ ചോദ്യപേപ്പറാണ്.** A, F പ്രായഗ്രൂപ്പുകാർക്കുള്ളത് അവർക്കു മാത്രമേ നല്കാവൂ.

6. ഉത്തരക്കടലാസ്സിൽ ശരിയായ ഉത്തരത്തിന്റെ വട്ടക്കോളം മാത്രം ബോൾപേനയിൽ കറുത്ത മഷിയുള്ള റീഫില്ലുപയോഗിച്ചു വ്യക്തമായി കറുപ്പിക്കണം. കറുപ്പിക്കേണ്ട വിധം അധ്യാപകർ കൃത്യമായി പറഞ്ഞു/കാണിച്ചുകൊടുക്കണം. കറുപ്പിക്കേണ്ടിടത്ത് **ഒരു കുത്ത് / ഗുണനചിഹ്നം, ടിക് എന്നിവയാകരുത്. - ആയാൽ, പേപ്പർ വാല്യുവേഷൻ ശരിയാകില്ല.** ഒരു ചോദ്യത്തിന്റെ ഉത്തരത്തിന് ഒരു കോളം മാത്രമേ കറുപ്പിക്കാവു. ഒന്നിൽ കൂടുതൽ കോളങ്ങൾ കറുപ്പിച്ചാൽ മാർക്കു കുറയും.

7. ഉത്തരക്കടലാസ് തിരിച്ചയയ്ക്കാൻ ബൈബിൾ അപോസ്റ്റലേറ്റ് ഡയറക്ടർ കോഡ്നമ്പരെഴുതി നല്കിയിട്ടുള്ള കവർ ഉപയോഗിക്കണം. **ഉത്തരം രേഖപ്പെടുത്തിയ കടലാസ് മടക്കരുത്. പേപ്പർ വാല്യുവേഷനെ ബാധിക്കും. പോസ്റ്റിൽ അയയ്ക്കുന്നവർ** ബൈബിൾ അപോസ്റ്റലേറ്റ് ഡയറക്ടർ തന്നിട്ടുള്ള കവർ മറ്റൊരു കവറിലാക്കി അഡ്രസ്സെഴുതി അയയ്ക്കണം.

8. പരീക്ഷാസമയം തീർന്നാലുടൻ ഉത്തരം രേഖപ്പെടുത്തിയ ഉത്തരക്കടലാസ്സുകളും, രേഖപ്പെടുത്താതെ മിച്ചം വന്ന മുഴുവൻ പേപ്പറും, വെവ്വേറെ നിറം അനുസരിച്ചടുക്കി ബഹു. വികാരിയച്ചന്റെ / അദ്ദേഹം നിയോഗിച്ചിട്ടുള്ളവരുടെ സാന്നിധ്യത്തിൽ പായ്ക്കു ചെയ്തൊട്ടിച്ചു സീൽ ചെയ്ത് ബഹു. വികാരിയച്ചനെ ഏല്പിക്കുകയോ അദ്ദേഹത്തിന്റെ നിർദ്ദേശപ്രകാരം മേജർ അതിഭദ്രാസന ഡയറക്ടർക്ക് എത്തിക്കുകയോ ചെയ്യണം. തപാലിൽ / കുറിയറിൽ അയയ്ക്കുന്നവർ സെപ്തംബർ 28-നുതന്നെ അയയ്ക്കണം. കൊണ്ടുതരുന്നവർ/കൊടുത്തുവിടുന്നവർ ഒക്ടോബർ 1-ാം തീയതിയെങ്കിലും പട്ടം അരമനയുടെ മുമ്പിലുള്ള സെന്റ് ഇഗ്നേഷ്യസ് സെന്ററിൽ ബഹു. സിസ്റ്ററിനെ ഏല്പിച്ച് ബഹു. സിസ്റ്റർ നല്കുന്ന പേപ്പറിൽ പേരും, പള്ളിയുടെ പേരും എഴുതി ഒപ്പിടണം.

NB: ഒക്ടോബർ 3-നെങ്കിലും ഇവിടെ ലഭിക്കാത്ത ഉത്തരക്കടലാസ്സുകളിലെ മാർക്ക് അതിരൂപതാതലത്തിൽ ഓരോ പ്രായഗ്രൂപ്പിലെയും ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങളുടെ നിർണയത്തിനും, കൊച്ചി പി.ഒ.സിയിൽ നടത്തുന്ന അഖില കേരളാ മത്സരപ്പരീക്ഷയ്ക്കും പരിഗണിക്കുന്നതല്ല.

9. ഓരോ പ്രായഗ്രൂപ്പിലും എത്ര പേർ പരീക്ഷയിൽ പങ്കെടുത്തുവെന്ന്, ഉപയോഗിക്കാത്ത ഉത്തരക്കടലാസ് ഉണ്ടെങ്കിൽ അതിലൊന്നിൽ / വെള്ളപേപ്പറിൽ എഴുതി സൂപ്പർ വൈസർ /ബഹു. വികാരി ഒപ്പിട്ട് ഉത്തരക്കടലാസിന്റെ കൂടെ കവറിൽ വച്ചിരിക്കണം. അതിൽ അതാതു കേന്ദ്രത്തിന്റെ കോഡ് നമ്പരും സ്ഥലപ്പേരും വേണം.

10. പരീക്ഷാഹാളിൽ ബൈബിളോ ലഘുപഠനഗ്രന്ഥങ്ങളോ മറ്റേതെങ്കിലും പുസ്തക-മാസികകളോ അനുവദിക്കരുത്. വച്ചെഴുതാൻ ഉപയോഗിക്കുന്നവ സൂക്ഷ്മമായി പരിശോധിക്കണം. ഉത്തരം അന്യോന്യം കാണത്തക്കവിധം ആളുകൾ ഇരിക്കാൻ ഇടയാകരുത്. ഉത്തരം അന്യോന്യമോ മറ്റുള്ളവരോ പറഞ്ഞുകൊടുക്കാനും അവസരം നല്കരുത്. സൂക്ഷ്മമായി സൂപ്പർവൈസ് ചെയ്യണമെന്ന് ഓർപ്പിക്കുന്നു. **കോപ്പിയെഴുതിയതായി കണ്ടുപിടിക്കുന്ന ഉത്തരക്കടലാസ്സുകൾ മുൻവർഷങ്ങളിലെപ്പോലെ അയോഗ്യങ്ങളാക്കുന്നതാണ്.**

11. പരീക്ഷാഹാളിൽ മൊബൈൽഫോൺ കർശനമായി നിരോധിക്കണം. പരീക്ഷാഹാളിൽ മൊബൈൽഫോണുമായി ആരെയും പ്രവേശിപ്പിക്കരുത്. ഇക്കാര്യം ബഹു. വികാരിയച്ചന്മാർ സെപ്തംബർ 18 ഞായറാഴ്ച പള്ളികളിൽ പൊതുവായി അറിയിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

12. കുടുംബലോഗോസ് ക്വിസ് പങ്കെടുക്കുന്നവർ പരീക്ഷയ്ക്കു വരുമ്പോൾ ഓരോ കുടുംബവും പങ്കെടുക്കുന്ന അംഗങ്ങളുടെ ഇടവക, പേര്, ജനനത്തീയതി, പ്രായഗ്രൂപ്പ് എന്നിവ ഒരു കടലാസ്സിൽ എഴുതിക്കൊണ്ടുവന്ന് കോ-ഓർഡിനേറ്ററെ ഏല്പിക്കണം. കോ-ഓർഡിനേറ്റർ ഓരോ കുടുംബത്തിന്റെയും ഉത്തരക്കടലാസ്സുകൾ ഒരുമിച്ചുവച്ച് കവറിൽ വയ്ക്കണം.

13. കുടുംബലോഗോസിലുള്ള ഒരേ കുടുംബത്തിലെ അംഗങ്ങൾ പരീക്ഷാഹാളിൽ നിർബന്ധമായും പല സ്ഥാനങ്ങളിൽ ഇരുന്ന് പരീക്ഷയെഴുതണം. അടുത്തടുത്ത് ഇരിക്കരുത്.

ഡയറക്ടർ, ബൈബിൾ അപ്പോസ്റ്റലേറ്റ്

## New Appointments

**Rev. Fr. Michel Edathil**

Asst. Vicar, St. Mary's Cathedral, Pattom

## Change of Address

**Rev. Fr. Issac Mavaravilakam**

St. George Malankara Syrian Catholic Church
Kannaravila, Nellimoodu P.O.,
Trivandrum - 695 525

## ഐക്യരാഷ്ട്ര സംഘടനയുടെ പ്രത്യേക പദ്ധതി പ്രഖ്യാപനം

മലങ്കര സോഷ്യൽ സർവ്വീസ് സൊസൈറ്റിക്ക് ഐക്യരാഷ്ട്ര സംഘടനയുടെ സാമ്പത്തിക സാമൂഹ്യ കൗൺസിൽ പ്രത്യേക ഉപദേശക പദവി നൽകിയതിന്റെ പ്രഖ്യാപനം പട്ടം മേജർ ആർച്ച്ബിഷപ്സ് ഹൗസ് കോൺഫറൻസ് ഹാളിൽ ആഗസ്റ്റ് 23-ന് സംഘടിപ്പിച്ചു. കർദിനാൾ ക്ലീമീസ് കാതോലിക്കാബാവായുടെ അദ്ധ്യക്ഷതയിൽ നടന്ന പൊതുസമ്മേളനം കേരള നിയമസഭാ സ്പീക്കർ പി. ശ്രീരാമ കൃഷ്ണൻ ഉദ്ഘാടനം ചെയ്തു. ഔദ്യോഗിക രേഖ സ്പീക്കർ, ഡയറക്ടർ ഫാ. ബോവസ് മാത്യുവിന് കൈമാറി. സഹായ മെത്രാൻ അഭിവന്ദ്യ സാമുവൽ മാർ ഐറേനിയോസ്, മുൻ ചീഫ് സെക്രട്ടറി ജോൺ മത്തായി, മുൻ ഡി.ജി.പി ജേക്കബ് പുന്നൂസ് എന്നിവർ പ്രസംഗിച്ചു. കഴിഞ്ഞ ആറ് വർഷമായി ഈ ഉദ്യമത്തിന് നേതൃത്വം നൽകിയ രാജൻ കാരക്കാട്ടിലിനെ സദസ്സിൽ ആദരിക്കുകയും ഉപകാരം നൽകുകയും ചെയ്തു.

## ആശാകിരണം പദ്ധതി

കാരിത്താസ് ഇന്ത്യയുടെ പങ്കാളിത്തത്തോടെ കാൻസർ രോഗത്തിനെതിരെ നടപ്പിലാക്കുന്ന ആശാകിരണം പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം ആഗസ്റ്റ് 5-ന് നാലാഞ്ചിറ ഗിരിദീപം കൺവൻഷൻ സെന്ററിൽ നടന്നു. കർദിനാൾ ക്ലീമീസ് കാതോലിക്കാബാവായുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗം ആദരണീയനായ കേരള മുഖ്യമന്ത്രി പിണറായി വിജയൻ നിർവ്വഹിച്ചു. ആർച്ചുബിഷപ്പ് സൂസപാക്യം, കാരിത്താസ് ഇന്ത്യ ഡയറക്ടർ ഫാ. ഫ്രഡറിക് ഡിസൂസ. അസിസ്റ്റന്റ് ഡയറക്ടർ ഫാ. പോൾ മൂഞ്ഞേലി, ഫാ. ബോവസ് മാത്യു എന്നിവർ പ്രസംഗിച്ചു. തെരെഞ്ഞെടുക്കുന്ന 1000 ലേറെ സന്നദ്ധ പ്രവർത്തകർ പരിപാടിയിൽ പങ്കെടുത്തു.

## UN സുസ്ഥിര വികസനം 2030 ശില്പശാല

ഐക്യരാഷ്ട്ര സംഘടനയുടെ സുസ്ഥിര വികസനം 2030 ലക്ഷ്യം കൈവരിക്കുന്നതിന് പ്രാദേശികതല പങ്കിനെപ്പറ്റി ഒരു ഏകദിന ശില്പശാല ആഗസ്റ്റ് 22-ന് സ്രോതസ്സിൽ സംഘടിപ്പിച്ചു.

കേരള ഉന്നത വിദ്യാഭ്യാസ കൗൺസിൽ വൈസ് ചെയർമാനും നയതന്ത്രജ്ഞനുമായ ടി.പി. ശ്രീനിവാസൻ ശില്പശാല ഉദ്ഘാടനം ചെയ്തു. ബംഗ്ലാദേശ് ആസ്ഥാനമായ പാർട്നേഴ്സ് ഫോർ പോപ്പുലേഷൻ ആന്റ് ഡവലപ്മെന്റ് ഡയറക്ടർ ഡോ. ജോ തോമസ് വിഷയാവതരണം നടത്തി. ഡോ. നാരായണ, ഫാ. ബോവസ് മാത്യു, ആന്റണി കുന്നത്ത്, റോണി ജോസഫ്, എൽ പങ്കജാക്ഷൻ, ഡോ. ഹരിദാസ്, രാജൻ കാരക്കാട്ടിൽ, ജോസ് സെബാസ്റ്റ്യൻ, എസ്. കണ്ണയ്യ, സിസ്റ്റർ ആൽവിൻ, മലാനി പെരേര, ഡോ. റ്റിറ്റോ ഡി.എസ്, പ്രൊ. ജോസുകുട്ടി ഒഴുകയിൽ, മദൻ മോഹൻ, ഷീല വേണുഗോപാൽ, നിഥിൻ രാജ് എന്നിവർ വിവിധ വിഷയങ്ങിൽ സംസാരിച്ചു. ബംഗ്ലാദേശ്, ശ്രീലങ്ക, രാജസ്ഥാൻ, തമിഴ്നാട് എന്നിവിടങ്ങളിൽ ഉൾപ്പെടെ 60 ഓളം പ്രഗത്ഭ വ്യക്തികൾ പങ്കെടുത്തു.

## ആർച്ചുബിഷപ് ബനഡിക്ട് മാർ ഗ്രിഗോറിയോസ് ഹരിത പദ്ധതി ജേതാക്കളുടെ അവാർഡ് വിതരണം

ഭാഗ്യസ്മരണാർഹനായ ആർച്ച്ബിഷപ് ബനഡിക്ട് മാർ ഗ്രിഗോറിയോസിന്റെ ജന്മ ശതാബ്ദി വർഷമായി നടപ്പിലാക്കിയ ഹരിത പദ്ധതിയിൽ പങ്കാളികളായി വിജയിച്ചവർക്കുള്ള സമ്മാനവും അവാർഡ് വിതരണവും ആഗസ്റ്റ് 23-ന് പട്ടം തിരുസന്നിധിയിൽ നടന്നു. അവാർഡ് ജേതാക്കൾക്ക് കാഷ് അവാർഡും സർട്ടിഫിക്കറ്റും കേരള നിയമസഭാ സ്പീക്കർ പി. ശ്രീരാമ കൃഷ്ണനും കർദ്ദിനാൾ ക്ലീമീസ് കാതോലിക്കാബാവായും ചേർന്നു നൽകി.

**മികച്ച ഇടവക**

നെയ്യാറ്റിൻകര വൈദികജില്ലയിൽ കല്ലുവെട്ടാംകുഴി
Rs. 25000/- + സർട്ടിഫിക്കറ്റ്

**മികച്ച ഇടവക (രണ്ടാം സ്ഥാനം)**

തിരുവനന്തപുരം വൈദികജില്ലയിലെ കുന്നപ്പുഴ ഇടവക
Rs. 10000/- + സർട്ടിഫിക്കറ്റ്

**മികച്ച ഇടവക (മൂന്നാം സ്ഥാനം)**

1. നെടുമങ്ങാട് വൈദികജില്ലയിൽ വേറ്റിനാട് ഇടവക
   Rs. 5000/- + സർട്ടിഫിക്കറ്റ്

2. നെയ്യാറ്റിൻകര വൈദികജില്ലയിലെ വണ്ടന്നൂർ ഇടവക
Rs. 5000/- + സർട്ടിഫിക്കറ്റ്
2. പാറശ്ശാല വൈദികജില്ലയിലെ ചെറുവാരക്കോണം ഇടവക
Rs. 5000/- + സർട്ടിഫിക്കറ്റ്

**മികച്ച സ്ഥാപനം**

1. സെന്റ് ജോൺസ് മെഡിക്കൽ വില്ലേജ്, പിരപ്പൻകോട്
Rs. 10000/- + സർട്ടിഫിക്കറ്റ്
2. സെന്റ് മേരീസ് ഹയർ സെക്കണ്ടറി സ്കൂൾ, പട്ടം
Rs. 5000/- + സർട്ടിഫിക്കറ്റ്
3. മാർ അപ്രേം ഹോസ്റ്റൽ, നാലാഞ്ചിറ
Rs. 5000/- + സർട്ടിഫിക്കറ്റ്

**സന്യാസ ഭവനങ്ങൾ**

1. ബഥനി ആശ്രമം, നാലാഞ്ചിറ
Rs. 10000/- + സർട്ടിഫിക്കറ്റ്
2. ഡി. എം. കോൺവെന്റ്, അഞ്ചൽ
Rs. 5000/- + സർട്ടിഫിക്കറ്റ്
3. ബഥനി കോൺവെന്റ്, നാലാഞ്ചിറ
Rs. 5000/- + സർട്ടിഫിക്കറ്റ്

**പ്രത്യേക അവാർഡുകൾ**

1. മാർ ഈവാനിയോസ് വിദ്യാനഗർ എസ്റ്റേറ്റ്
റവ. ഫാ. തോമസ് വർഗീസ് വട്ടപ്പറമ്പിൽ
Rs. 5000/- + സർട്ടിഫിക്കറ്റ്
2. റവ. ഫാ. ഗീവർഗീസ് നെടിയത്ത്
അടൂർ വൈദികജില്ലയിലെ എല്ലാ ഇടവകകളിലും പച്ചക്കറി കൃഷി പ്രോത്സാഹിപ്പിച്ചതിന്
Rs. 5000/- + സർട്ടിഫിക്കറ്റ്
3. ശാന്തിനികേതൻ കോൺവെന്റ്, മെഡിക്കൽ കോളേജ്
ഏറ്റവും ചുരുങ്ങിയ സ്ഥലത്ത് പരമാവധി കൃഷി ചെയ്തതിന്
Rs. 5000/- + സർട്ടിഫിക്കറ്റ്

## തദ്ദേശമിത്രം പദ്ധതി

തദ്ദേശമിത്രം പദ്ധതിയുടെ ഭാഗമായി പാലക്കാട് ജില്ലയിലെ പദ്ധതി അവലോകനം 2, 3 തീയതികളിൽ നടന്നു. രാജൻ കാരക്കാട്ടിൽ, ജോർജ്ജ് ഡാനിയേൽ, രാഖി.ബി.ആർ എന്നിവർ നേതൃത്വം നൽകി.

## പഞ്ചായത്ത്തല അവലോകന യോഗവും പ്രാഥമിക റിപ്പോർട്ട് സമർപ്പണവും

തദ്ദേശമിത്രം പദ്ധതിയുടെ ഭാഗമായുള്ള പഞ്ചായത്ത്തല അവലോകന യോഗം ആഗസ്റ്റ് മാസം 10, 11 തീയതികളിലായി പാലക്കാട്ട് ജില്ലയിലെ പൂക്കോട്ട്കാവ്, കുത്തന്നൂർ, മുതലമട പഞ്ചായത്തുകളിലായി നടന്നു. ഫാ. ബോവസ് മാത്യു, രാജൻ കാരക്കാട്ടിൽ, ജോർജ്ജ് ഡാനിയേൽ, രാധാകൃഷ്ണൻ നായർ, ജലേഷ് കുമാർ, ശശികുമാർ എന്നിവർ നേതൃത്വം നൽകി. പഞ്ചായത്തുകളുടെ പ്രാഥമിക റിപ്പോർട്ട് തദ്ദേശമിത്രം ഓഫീസിൽ സമർപ്പിച്ചു.

## ദുരന്തജാഗ്രതാ പദ്ധതി അവലോകന യോഗം

തിരുവനന്തപുരം കോർപ്പറേഷനിൽ UNDP സഹകരണത്തോടെ രണ്ടാം ഘട്ടമായി നടപ്പിലാക്കുന്ന ദുരന്ത ജാഗ്രതാ പദ്ധതിയുടെ അവലോകന യോഗം ആഗസ്റ്റ് 6-ന് സ്രോതസ്സിൽ വച്ച് നടന്നു. ഡയറക്ടർ ഫാ. ബോവസ് മാത്യു, രാജൻ കാരക്കാട്ടിൽ, ജോർജ്ജ് ഡാനിയേൽ, രാഗി.ബി, ലക്ഷ്മി ചന്ദ്രൻ എന്നിവർ എം.എസ്സ്.എസ്സ്.എസ്സിനു വേണ്ടിയും ജോ ജോർജ്ജ്, രമേഷ് കൃഷ്ണൻ എന്നിവർ UNDP യെ പ്രതിനിധീകരിച്ചും പങ്കെടുത്തു.

## ആശാകിരണം പദ്ധതി രൂപീകരണ ശില്പശാല

കാരിത്താസ് ഇന്ത്യയുടെ നേതൃത്വത്തിൽ നടപ്പിലാക്കുന്ന ആശാകിരണം പദ്ധതിയുടെ രണ്ടാം ഘട്ടത്തിനുള്ള ശില്പശാല ആഗസ്റ്റ് 12-ന് സ്രോതസ്സിൽ സംഘടിപ്പിച്ചു. ഫാ. ബോവസ് മാത്യു, രാജൻ കാരക്കാട്ടിൽ, ബനഡിക്ട ജറാർഡ് എന്നിവർ പങ്കെടുത്തു.

## DDU-GKY വിദ്യാർത്ഥി സംഗമം

DDU-GKY വിദ്യാർത്ഥികളുടെ ഒരു സംഗമം ആഗസ്റ്റ് മാസം 8-ന് സ്രോതസ്സിൽ വച്ച് നടന്നു. ഫാ. ബോവസ് മാത്യു വിദ്യാർത്ഥി

കളെ അഭിസംബോധന ചെയ്തു. ജിൻസി എസ്.എസ്, രേഖാ പ്രഭാത് എന്നിവർ നേതൃത്വം നൽകി.

## DDU-GKY കർണ്ണാടക പദ്ധതി അവലോകനം

ആഗസ്റ്റ് 17-ന് ബാംഗ്ലൂരിൽ നടന്ന DDU-GKY കർണ്ണാടക പദ്ധതി അവലോകനത്തിൽ ഫാ. ജോൺ കുന്നത്ത് പങ്കെടുത്തു.

## DDU-GKY പദ്ധതി രണ്ടാംഘട്ട പരിശോധനാ യോഗം

ആഗസ്റ്റ് 18-ന് ഹൈദരാബാദിൽ നടന്ന DDU-GKY രണ്ടാം ഘട്ട പരിശോധനാ യോഗത്തിൽ രാജൻ കാരക്കാട്ടിൽ, മിഥുൻ തോമസ് എന്നിവർ പങ്കെടുത്തു.

## KSSF ഡയറക്ടേഴ്സ് യോഗം

ആഗസ്റ്റ് മാസം 19, 20 തീയതികളിൽ കോട്ടയത്ത് വച്ച് നടന്ന ഡയറക്ടേഴ്സ് യോഗത്തിൽ ഫാ. ബോവസ് മാത്യു പങ്കെടുത്തു.

## പദ്ധതി അവലോകനം

പദ്ധതി നിർവ്വഹണ ഉദ്യോഗസ്ഥരുടെ ഒരു യോഗം ആഗസ്റ്റ് 1-ന് സ്രോതസ്സിൽ വച്ച് നടന്നു. ഫാ. ബോവസ് മാത്യു നേതൃത്വം നൽകി.

## IGNOU കോ-ഓർഡിനേറ്റർ യോഗം

ആഗസ്റ്റ് 3-ന് തിരുവനന്തപുരത്ത് വച്ച് നടന്ന IGNOU കോർഡിനേറ്റർമാരുടെ യോഗത്തിൽ രാജൻ കാരക്കാട്ടിൽ പങ്കെടുത്തു.

## സേവ് എ ഫാമിലി പ്ലാൻ മേഖലാതല സംഗമം

സേവ് എ ഫാമിലി പ്ലാൻ മേഖലാതല സംഗമം ആഗസ്റ്റ് 6, 7 തീയതികളിലായി പോത്തൻകോട്, നെടുമങ്ങാട് എന്നിവിടങ്ങളിൽ നടന്നു. സിസ്റ്റർ സൂക്തി, ബിന്ദു ബേബി, ജസ്സി രാജൻ എന്നിവർ നേതൃത്വം നൽകി.

*തിരുത്ത് : ജൂൺ മാസം ബുള്ളറ്റിനിൽ ഉറുകുന്ന് ഇടവകയിൽ നിന്നും സേവ് എ ഫാമിലി പദ്ധതിയിലുൾപ്പെട്ട ബിജി ഷിജുവിന് സർക്കാർ സഹായമായി ലഭിച്ച 2,00000/- രൂപാ സേവ് എ ഫാമിലി പദ്ധതിയിൽ എന്ന് തെറ്റായി രേഖപ്പെടുത്തിയതിൽ ഖേദിക്കുന്നു.*

## ഇടയനാളാഗമം

### ആഗസ്റ്റ് 2016

### (പ്രധാന പരിപാടികൾ)

**ആഗസ്റ്റ് 1**

കർണ്ണാടക സംസ്ഥാനത്തിലെ ഉഡുപ്പി തീർത്ഥാടന ദൈവാലയത്തിൽ നടന്ന ചടങ്ങിൽ ഉഡുപ്പി ദൈവാലയത്തെ മൈനർ ബസലിക്കയായി പ്രഖ്യാപിച്ചു.

**ആഗസ്റ്റ് 2**

വെണ്ണിയൂർ ഡി.എം. പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് റവ. മദർ ലിഡിയ ഡി.എം. ന്റെ നാമഹേതുക തിരുന്നാളാഘോഷത്തിൽ മുഖ്യാതിഥിയായി പങ്കെടുത്ത് ആശംസകൾ അറിയിച്ചു.

**ആഗസ്റ്റ് 3**

പിരപ്പൻകോട് മലങ്കര മെഡിക്കൽ വില്ലേജിലെ കമ്മ്യൂണിറ്റി ഹോസ്പിറ്റലിൽ പുതുതായി ആരംഭിച്ച ഡയാലിസിസ് യൂണിറ്റിന്റെ ഉദ്ഘാടന സമ്മേളനത്തിൽ അദ്ധ്യക്ഷത വഹിച്ചു.

**ആഗസ്റ്റ് 5**

നാലാഞ്ചിറ മാർ ഈവാനിയോസ് വിദ്യാനഗറിലെ മാർ ബസേലിയോസ് എൻജിനീയറിംഗ് കോളേജിൽ വച്ച് ബഹു. മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ അവാർഡ്ദാനം നിർവ്വഹിച്ച മാർ ബസേലിയോസ് യൂത്ത് എക്സലൻസ് അവാർഡ്ദാന ചടങ്ങിൽ അധ്യക്ഷത വഹിച്ചു.

**ആഗസ്റ്റ് 7**

രാവിലെ 8.00-ന് നാലാഞ്ചിറ മിസിയോളജിക്കൽ തിയോളജിക്കൽ സെന്ററിൽ പ്രഭാഷണം നടത്തി. തുടർന്ന് കെ.സി.ബി.സി. വാർഷികധ്യാനത്തിനായ് കൊച്ചിയിലേക്ക് പുറപ്പെട്ടു.

**ആഗസ്റ്റ് 11**

വൈകുന്നേരം 7.30-ന് ഡൽഹിയിൽ വച്ച് ഭാരതത്തിലെ അപ്പസ്തോലിക് ന്യൂൺഷിയോ ആർച്ചുബിഷപ്പ് അഭിവന്ദ്യ സാൽവത്താരോ പെനാക്കിയോ തിരുമേനിയുമായി കൂടിക്കാഴ്ച നടത്തി.

**ആഗസ്റ്റ് 12**

വൈകുന്നേരം 7.30-ന് ന്യൂഡൽഹിയിൽ വച്ച് ഭാരതത്തിന്റെ ആദരണീയ രാഷ്ട്രപതി ശ്രീ. പ്രണബ് മുഖർജിയുമായി കൂടിക്കാഴ്ച നടത്തി.

**ആഗസ്റ്റ് 14**

ആയൂർ മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയത്തിൽ പെരുന്നാളിനോടനുബന്ധിച്ച് വി. കുർബാന അർപ്പിച്ച് വചനസന്ദേശം നൽകി.

തുടർന്ന് കോട്ടയം അതിരമ്പുഴ ദൈവാലയത്തിൽ ജൂബിലി ആഘോഷങ്ങൾ ഉദ്ഘാടനം ചെയ്ത് സന്ദേശം നൽകി.

**ആഗസ്റ്റ് 15**

പരി. ദൈവമാതാവിന്റെ സ്വർഗാരോഹണ പെരുന്നാൾ, ഭാരതസ്വാതന്ത്ര്യദിനം, മെത്രാഭിഷേകത്തിന്റെ 15-ാം വാർഷികം എന്നിവയോടനുബന്ധിച്ച് രാവിലെ പട്ടം തിരുസന്നിധി അരമന ചാപ്പലിൽ വി. കുർബാന അർപ്പിച്ച് വചനസന്ദേശം നൽകി. തുടർന്ന് അരമനയിൽ ദേശീയപതാക ഉയർത്തി.

**ആഗസ്റ്റ് 16**

പ്രശസ്ത സാഹിത്യകാരൻ ശ്രീ. പെരുമ്പടവം ശ്രീധരന്റെ ധർമ്മപത്നിയുടെ നിര്യാണത്തിൽ തമലത്തുള്ള അദ്ദേഹത്തിന്റെ വസതിയിലെത്തി അന്ത്യോപചാരമർപ്പിച്ചു.

**ആഗസ്റ്റ് 20**

വാഴ്ത്തപ്പെട്ട മദർ തെരേസായുടെ വിശുദ്ധപദ പ്രഖ്യാപനത്തോടനുബന്ധിച്ചുള്ള ആഘോഷപരിപാടികൾക്ക് രൂപം നൽകുവാനായി മുംബൈയിൽ വച്ചു നടന്ന സി.ബി.സി.ഐ. എക്സിക്യൂട്ടീവ് മീറ്റിംഗിൽ അധ്യക്ഷത വഹിച്ചു.

**ആഗസ്റ്റ് 21**

കീഴില്ലം മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയത്തിൽ വി. കുർബാന അർപ്പിച്ച് വചനസന്ദേശം നൽകി.

**ആഗസ്റ്റ് 24**

പട്ടം തിരുസന്നിധി അരമന ഓഫീസിൽ ജോലി ചെയ്യുന്ന ശ്രീ. രാജന്റെ മകളുടെ വിവാഹം ബാലരാമപുരം ദൈവാലയത്തിൽ വച്ച് ആശീർവദിച്ചു.

**ആഗസ്റ്റ് 25**

പട്ടം കത്തീഡ്രൽ ദൈവാലയത്തിൽ വച്ച് ദൈവദാസൻ മാർ ഈവാനിയോസ് തിരുമേനിയുടെ നാമകരണ നടപടികളുടെ മേജർ അതിഭദ്രാസനതല സമാപനത്തോടനുബന്ധിച്ച് രാവിലെ 8.00-ന് നടന്ന വി. കുർബാനയിൽ മുഖ്യകാർമ്മികത്വം വഹിച്ചു. തുടർന്ന് നടന്ന ഔദ്യോഗിക സമാപനചടങ്ങിൽ അധ്യക്ഷത വഹിച്ച് സമാപനപ്രഖ്യാപനം നടത്തി.

**ആഗസ്റ്റ് 26**

തൃശൂർ കൊടകര സഹൃദയ എൻജിനീയറിംഗ് കോളേജ് ആഡിറ്റോറിയത്തിൽ നടന്ന സീറോ മലബാർ സഭാ അസംബ്ലിയെ അഭിസംബോധന ചെയ്തുകൊണ്ട് സംസാരിച്ചു.

**ആഗസ്റ്റ് 27**

ആലപ്പുഴ കർമ്മസദൻ പാസ്റ്ററൽ സെന്ററിൽ നടന്ന കെ.സി.ബി.സി. മതാധ്യാപക അവാർഡ്ദാന ചടങ്ങ് ഉദ്ഘാടനം ചെയ്ത് അവാർഡുദാനം നിർവ്വഹിച്ചു.

## യാത്രാമംഗളങ്ങൾ

തിരുവനന്തപുരം മേജർ അതിഭദ്രാസനാംഗങ്ങളായ റവ. ഫാ. കോശി ചിറക്കരോട്ട്, റവ. ഫാ. പ്രഭീഷ് ജോർജ്ജ് എന്നിവർ ഉപരിപഠനത്തിനായി റോമിലേക്ക് പോയി. ബഹു. വൈദികർക്ക് തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിന്റെ പ്രാർത്ഥനാമംഗളങ്ങൾ.

## സ്മരണീയ ദിനങ്ങൾ

| | | |
|---|---|---|
| 1 | വ്യാഴം | **എട്ടുനോമ്പാരംഭം** |
| 2 | വെള്ളി | മാർ ശെമവൂൻ ദസ്തൂനി |
| 4 | **ഞായർ** | **തേജസ്ക്കരണത്തിനു ശേഷം അഞ്ചാം ഞായർ** |
| 5 | തിങ്കൾ | വാഴ്ത്തപ്പെട്ട മദർ തെരേസ |
| 8 | വ്യാഴം | **പരി. ദൈവമാതാവിന്റെ ജനനപ്പെരുന്നാൾ എട്ടുനോമ്പു വീടൽ** |
| 9 | വെള്ളി | മാർ യൊവാക്കീമും മർത്താ ഹന്നായും |
| 11 | **ഞായർ** | **തേജസ്ക്കരണത്തിനു ശേഷം ആറാം ഞായർ** |
| 14 | ബുധൻ | **സ്ലീബാപ്പെരുന്നാൾ** |
| 15 | വ്യാഴം | വ്യാകുല മാതാവ് |
| 16 | വെള്ളി | വി. സിപ്രിയാൻ |
| 18 | **ഞായർ** | **സ്ലീബാപെരുന്നാളിനുശേഷം ഒന്നാം ഞായർ** |
| 19 | തിങ്കൾ | വി. ജനുവാരിയൂസ് |
| 20 | ചൊവ്വ | **മലങ്കര പുനരൈക്യദിനം** |
| 21 | ബുധൻ | **തോമസ് മാർ യൗസേബിയൂസ് തിരുമേനിയുടെ മെത്രാഭിഷേകവാർഷികം** |
| 23 | വെള്ളി | വി. പാദ്രെ പിയോ |
| 25 | **ഞായർ** | **സ്ലീബാപെരുന്നാളിനുശേഷം രണ്ടാം ഞായർ** |
| 27 | ചൊവ്വ | വി. വിൻസെന്റ് ഡി പോൾ |
| 28 | ബുധൻ | **സഖറിയാസ് മാർ അത്താനാസിയോസ് തിരുമേനിയുടെ ഓർമ്മ** |
| 29 | വ്യാഴം | മുഖ്യദൂതൻമാരായ വി. മിഖായേൽ, വി.ഗബ്രിയേൽ, വി. റഫായേൽ |
| 30 | വെള്ളി | വി. ജറോം; വി. സോഫിയാ |

## Major Archieparchial Tribunal News

### September

| Prot.No. | Petitioner/Respondent | Decision | Date |
|---|---|---|---|
| MAET- 305/16 | Kunjamma/Louise | Affirmative | 03/08/2016 |

# ജന്മദിനാശംസകൾ

## സെപ്തംബർ 2016

03 - റവ. ഫാ. ജോസ് കോണത്തുവിള
06 - റവ. ഫാ. ജോൺ അരീക്കൽ
06 - റവ. ഫാ. ആന്റണി മരിയഭവൻ
08 - റവ. ഫാ. ജോൺസൺ കാക്കനാട്ട്
09 - റവ. ഫാ. കോശി അയ്യനേത്ത്
12 - റവ. ഫാ. ഐസക് മാവറവിളാകം
26 - വെരി റവ. ഫാ. അഗസ്റ്റിൻ മംഗലത്ത്

## ഒക്ടോബർ 2016

02 - റവ. ഫാ. ഡാനിയേൽ കുളങ്ങര
04 - റവ. ഫാ. ജേക്കബ് കളിയന്താനം
06 - വെരി റവ. ഫാ. വർക്കി ആറ്റുപുറത്ത്

# പ്രാർത്ഥനയിൽ ഓർക്കാം

## സെപ്തംബർ 2016

06 - റവ. ഫാ. കോശി കുഴിമണ്ണിൽ
07 - റവ. ഫാ. ഡൊമനിക് സഖറിയാസ്
08 - റവ. ഫാ. ഗീവർഗ്ഗീസ് തെക്കേവീട്ടിൽ
11 - റവ. ഫാ. സഖറിയാസ് കിളീലേത്ത്
13 - റവ. ഫാ. ലൂയിസ് ഫിലിപ്പോസ്
14 - റവ. ഫാ. എ. ജി. എബ്രഹാം, മൈലപ്ര
- റവ. ഫാ. ജോർജ്ജ് തോമസ് തെക്കേടത്ത്
- റവ. ഫാ. അബ്രഹാം തെങ്ങുംതറ മേടയിൽ , മൈലപ്ര
16 - റവ. ഫാ. അഗസ്റ്റിൻ വിരുപ്പേൻ
21 - റവ. ഫാ. എബ്രഹാം ആശാരിയേത്ത്
27 - റവ. ഫാ. അലക്സാണ്ടർ പനങ്കുന്നേൽ
28 - റവ. ഫാ. ജോർജ്ജ് പുറത്തൂട്ട്
29 - റവ. ഫാ. കെ. ജി. തോമസ് പണിക്കർ

## ഒക്ടോബർ 2016

02 - റവ. ഫാ. ജോസഫ് താഴത്തുവീട്ടിൽ
09 - റവ. ഫാ. പത്രോസ് കീപ്പള്ളിൽ
09 - റവ. ഫാ. പി. കെ ഡാനിയേൽ പുത്തൻപുരയിൽ

# അത്യഭിവന്ദ്യ കാതോലിക്കാബാവായുടെ പ്രോഗ്രാം

## സെപ്റ്റംബർ 2016

| | |
|---|---|
| 1-8 | റോം |
| 10 | ഇളമണ്ണൂർ |
| 12 | വില്ലൂർ |
| 14-15 | ബാംഗ്ലൂർ |
| 15-19 | പുത്തൂർ |
| 19-20 | ബത്തേരി |
| 20-24 | ബാംഗ്ലൂർ |
| 25 | ബാലഗ്രാം (ഹൈറേഞ്ച്) |
| 26 | നാലാഞ്ചിറ |
| 29 | കറവൂർ |
| 30 | കൽക്കട്ട |



സീറോ മലബാർ സഭാ അസംബ്ലിയിൽ അനുഗ്രഹപ്രഭാഷണം നടത്താനായെത്തിയ
മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമിസ് കാതോലിക്കാബാവാ തിരുമേനിയെ
അത്യുന്നത കർദ്ദിനാൾ മാർ ജോർജ്ജ് ആലഞ്ചേരി ശ്രേഷ്ഠമെത്രാപ്പോലീത്താ തിരുമേനി സ്വീകരിക്കുന്നു.
(കൊടകര, 26-08-2016)

# ഓർമ്മപ്പെരുന്നാൾ



**ആബൂൻ സഖറിയാസ് മാർ അത്തനാസിയോസ്**
**(സെപ്തംബർ 28)**

KL/TV(N)461/2009-11 RN, KERBIL 01108/11/1/97-TC
THIRUVANANTHAPURAM MAJOR ATHIBHADRASANA BULLETIN PRICE RS.5/-




മലങ്കര സോഷ്യൽ സർവ്വീസ് സൊസൈറ്റിക്ക് ഐക്യരാഷ്ട്രസഭയുടെ അംഗീകാരം ലഭിച്ചത് സംബന്ധിച്ച രേഖ
ബഹു. കേരള നിയമസഭാ സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണൻ നൽകുന്നു
(കോൺഫറൻസ് ഹാൾ, മേജർ ആർച്ച് ബിഷപ്പ്സ് ഹൗസ്, പട്ടം,)
(23-08-2016)

**Editor**
Major Athibhadrasana Bulletin
Major Archbishop's House
Pattom P.O., Trivandrum - 4

Printed and Published by the Chancellor, Major Archdiocese of Trivandrum

Printed at St. Mary's Press, Pattom, Trivandrum - 4
Phone : 0471 - 2446116, 2443374